Vol. 18. No. 9.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

September 1920.

# വിഷയ വിവരണിക.


| | | പേജ്. |
|---|---|---|
| 1. | തിരുനാൾ മംഗളം. | 198 |
| 2. | പരിശുദ്ധ വ്യാകുലമാതാവ്. | |
| 3 | ദൈവികമായ ക്രിസ്തുമതം. | 199 |
| | ഫാദർ ഗ്രിഗോരി സി. ഡി. | |
| 4. | മത്തത്തിയാസിന്റെ ധീരരാത്മത. | 203 |
| | എഫ്. എച്ച്. എൻ. | |
| 5. | വിശുദ്ധ ക്ലെമെന്റ് മേരി. | 205 |
| | ക്രൂ. ചെ. സ്കറിയാ ശ | |
| 6. | അന്തകന്റെ ചില തന്ത്രങ്ങൾ. | 208 |
| | റവ. ജോസഫ് വാച്ചാപറമ്പിൽ | |
| 7. | മാർ തോമ്മാശ്ലീഹായുടെ ചരിത്രസംക്ഷേപം. | 210 |
| | റവ. ഫാദർ ഹില്ലാരേസ്സാൻ സി. ഡി. | |
| 8. | പരിശുദ്ധന്മാരോടുള്ള മാദ്ധ്യസ്ഥ പ്രാർത്ഥന. | 212 |
| | പി. സി. | |
| 9. | ശ്രീയേശുസ്തവം. | 213 |
| | സി. പി. മാത്യു. | |
| 10. | തിരുഹൃദയ പൊതുനിയോഗം. | 214 |
| 11. | ഒരു ഇടയലേഖനം. | 215 |
| 12. | വർത്തമാനക്കുറിപ്പുകൾ. | 218 |
| 13. | ചരമവാർത്തകൾ. | 219 |
| 14. | പഞ്ചാംഗം. | 219 |
| | പരസ്യങ്ങൾ. | |



## വില്പാൻ തയ്യാർ!

മണ്ണുകൊണ്ടുണ്ടാക്കപ്പെട്ടതും പല അളവിലുള്ളതും മനോഹരങ്ങളുമായ കൊത്തുരൂപങ്ങൾ വിൽപാൻ തയ്യാർ!! അളവും വിലവിവരവും താഴെ കാണിക്കുന്നു. ആവശ്യക്കാർ ഈ ആഫീസിൽ വന്നു വാങ്ങേണ്ടതാണ്.

| | | | | രൂ. | ണ. | പൈ. |
|---|---|---|---|---|---|---|
| തിരുഹൃദയരൂപം | 6 | ഇഞ്ച്. | 1ക്ക്. | 0– | 15– | 0 |
| " " | 9 | " | " | 1– | 8– | 0 |
| " " | 12 | " | " | 2– | 8– | 0 |
| " " | 13 | " | " | 3– | 8– | 0 |
| " " | 1 അടി 6 | " | " | 6– | 0– | 0 |
| വി. അന്തോനീസിന്റെ രൂപം | 9 | " | " | 1– | 8– | 0 |
| വി. സെബാസ്ത്യൻ രൂപം | | | " | 35– | 0– | 0 |
| Infant Jesus | | | " | 15– | 0– | 0 |

സൂപ്രണ്ട്, സെന്റു ജോസഫ് പ്രസ്, മാന്നാനം.

# പ്രസാധകക്കുറിപ്പുകൾ

ഈ മാസം ൨൦—ാംനു- തിങ്കളാഴ്ച യാണല്ലൊ മഹാരാജാവു തിരുമനസ്സിലെ അറുപത്തിമൂന്നാമത്തെ ആട്ടത്തിരുനാൾ. അതിനു മുമ്പായി സെപ്റ്റംബർ ൩.—ാം തീയതിയോടുകൂടി തിരുമനസ്സുകൊണ്ടു് തിരുവനന്തപുരത്തുനിന്നും പുറപ്പെട്ടു് ചെങ്ങന്നൂർ, കോട്ടയം, ഏറ്റുമാനൂർ എന്ന സ്ഥലങ്ങളിൽ കൂടി വൈക്കത്തേക്കെഴുന്നള്ളി രണ്ടു ദിവസം അവിടെ താമസിക്കുന്നതും ൧൮—ാംനു-യോടേ അമ്പലപ്പുഴവഴി മടങ്ങി തലസ്ഥാനത്തു എഴുന്നള്ളുന്നതുമാണു്. തിരുമനസ്സുകൊണ്ടു് ഇനിയും ദീർഘകാലം ഈയുള്ളവരെ പാലിച്ചുകൊണ്ടു വാഴുന്നതിനു ദൈവം ഇടയാക്കട്ടെ!!

* * *

നി. വ. ദി. ശ്രീ. കണ്ടത്തിൽ മാർ അഗുസ്തീനോസു മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ഇക്കഴിഞ്ഞ ആഴ്ച പാണാപള്ളി കർമ്മലീത്താ ആശ്രമം സന്ദർശിച്ചതായും ആഘോഷപൂർവ്വമായ എതിരേൽപ്പും മംഗളപത്രസമർപ്പണങ്ങളും മററും ഉണ്ടായതായും അറിയുന്നു.

* * *

റവ. ഫാദർ സി. കെ. മററം അവർകളുടെ വകയായി വേദശാസ്ത്രപരമായ ഒരു ഗദ്യകൃതി താമസിയാതെ പുറപ്പെടുമെന്നറിയുന്നു.

## പുസ്തകാഭിപ്രായങ്ങൾ.

### 1. "ചെങ്ങളമാഹാത്മ്യം" (ഓട്ടൻതുള്ളൽ.)

കുടകശ്ശേരി ബ. അബ്രാഹം കത്തനാർ അവർകളാൽ എഴുതപ്പെട്ടതും കോട്ടയം കത്തോലിക്ക മിഷ്യൻപ്രസ്സിൽ അച്ചടിക്കപ്പെട്ടതുമായ ഒരു ചെറിയ പുസ്തകമാണിതു്. നൈസർഗ്ഗികമായ ഫലിതരസത്തോടും അന്യാദൃശമായ അഭിനയചാതുർയ്യത്തോടും കൂടെ കവിതാവാസനയുടെ അനല്പമായ ദാനവും ഈ ഗ്രന്ഥകാരനു ദൈവത്തിൽനിന്നു സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു് ഞങ്ങൾക്കു മുമ്പേതന്നെ അറിയാം. എന്നാൽ ഇതുകളോടുകൂടെ കോട്ടയം കത്തോലിക്ക പ്രസ്സിലെ അച്ചടിവേലയുടെ വിശേഷതയും, അത്ഭുതപ്രവർത്തകനായ വി. അന്തോനീസ് ചെങ്ങളത്തു ചെയ്തുകൂട്ടുന്ന അതിശയകൃത്യങ്ങളുടെ ഒരു വിവരണമാണിതെന്നുള്ളതിനാൽ ഉളവായിട്ടുള്ള ഒരു വിഷയവൈശിഷ്ട്യവുംകൂടി ചേർന്നപ്പോൾ, ഞങ്ങൾ വിചാരിച്ചിരുന്നതിൽ അധികമായ ഒരു മേന്മ ഫാദർ അബ്രാഹം അവർകളുടെ ഈ ആദ്യകൃതിക്കുണ്ടായിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഭാഷാസംബന്ധമായ ചില ദോഷഭാഗങ്ങൾ ഇതിൽ ചിലെടത്തു കണ്ടവ കവിതാപ്രവാഹത്തിൽ മുങ്ങിപ്പോകാറേയുള്ളു. മേലാൽ ഇതിലും നല്ലനല്ല കൃതികൾ എഴുതുന്നതിനു വേണ്ട ആരോഗ്യം മാർ അന്തോനീസ് ഗ്രന്ഥകർത്താവിനു പ്രാപിച്ചുകൊടുക്കട്ടെ എന്നു മാത്രമേ ഞങ്ങൾക്കു പ്രാർത്ഥനയുള്ളു. നാലുചക്രം വിലയുള്ള ഈ പുസ്തകം കോട്ടയത്തു ടി. അച്ചുക്കൂടത്തിൽ കിട്ടുന്നതാണു്.

### 2. "കണ്ണടകൾ".

ഓരോ കാരണങ്ങളാൽ ചെറുപ്പകാലത്തിൽത്തന്നേ കണ്ണുകൾ നിഷ്പ്രയോജനങ്ങളായി തീരുന്ന ഒരു കാലമാണു് ഇതു്. അതിനാൽ വിദ്യാർത്ഥികളായ പല യുവജനങ്ങളേയും ഇപ്പോൾ "കണ്ണട"ക്കാരായിക്കാണാം. എന്നാൽ വേണ്ട വിധത്തിലുള്ള പരിശോധനകൾ കഴിച്ചു് ശരിയായ കണ്ണട വാങ്ങി ഉപയോഗിക്കാത്തതിനാൽ പലക്കും പല അബദ്ധവും സംഭവിക്കുന്നുണ്ടു്. ഇതേസംബന്ധിച്ച സംഗതികളെല്ലാം വഴിപോലെ ഗ്രഹിക്കണമെന്നു് ആഗ്രഹമുള്ളവർ ചിറയത്തു മിസ്റ്റർ അന്തോണി എഴുതിയിട്ടുള്ള "കണ്ണടകൾ" എന്ന ചെറുപുസ്തകം വാങ്ങി വായിച്ചുനോക്കിയാൽ ഇച്ഛാഭംഗത്തിനിടവരുന്നതല്ല. ചിറയത്തു് മിസ്റ്റർ അന്തോണി, തൃശൂർ എന്ന മേൽവിലാസത്തിൽ എഴുതിയാൽ ഈ പുസ്തകം രണ്ടര അണ വിലയ്ക്കു അയച്ചുതരും.

## ശ്രീമൂലം തിരുനാൾ സർ രാമവർമ്മ

മഹാരാജാ തിരുമനസ്സിലെ 63-ാമത്തെ ആട്ടത്തിരുനാൾ.

(1920 കന്നി 20-ാംനു.)



ഉന്നിദ്രാഭയെഴുന്ന കർമ്മേലസഭക്കാധാരമേ! സാരമാ-
യിന്നിപ്പോൾ 'കുസുമ'ത്തിനുണ്ടൊരുവരം നിന്നോടിരന്നീടുവാൻ
കന്നിക്കീർത്തിയൊടൊത്തുമൂലനൃവരൻ നൂറാണ്ടു കൂറാണ്ടിദം
മന്നിൽപ്പാർത്തിടുമാറു നീ കനിവൊടേ നീട്ടൊന്നു കിട്ടിക്കണേ!

# കർമ്മെല കുസുമം

പുസ്തകം ൧൮. ൧൯൨൦ സെപ്റ്റംബർ ലക്കം ൯

## പരിശുദ്ധ വ്യാകുലമാതാവ്.

(നിനക്കായെൻജീവനേ മരക്കുരിശിൽ— എന്ന മട്ട്.)

തുണച്ചീടുക വ്യാകുലജല
നിധിയിൽ നീന്തിയ ജനനീ!

1. നരർക്കുവേണ്ടി നിൻതിരുക്കുമാരകൻ
സഹിച്ച പാടുകൾ നിനച്ച്—
വരുന്ന കൈപ്പേഴും കുരിശതേപ്പുഴും
പെരുത്തമോദമൊടേറ്റുപ്പാൻ.
തുണച്ചീടുക...

2. കടുത്തവാളു നിൻ ഹൃദയത്തെ മുറി
പ്പെടുത്തിയെന്നതു കരുതി—
വരുന്ന കൈപ്പേഴും.

3. കരുണയേറുന്ന പരമനാഥൻ ത—
ന്നരുളും ദാനമെന്നോർത്തു
വരുന്ന കൈപ്പേഴും.

4. കനകമഗ്നിയിൽ വിശുദ്ധമാക്കിടും
വിധമിതെന്നുള്ളിലുറച്ച്—
വരുന്ന കൈപ്പേഴും.

കഴിഞ്ഞപാപങ്ങൾക്കറിഞ്ഞുകൊണ്ടിദം
കുറഞ്ഞൊരു തപഃക്രിയപോൽ
വരുന്നകൈപ്പേഴും ...

## ദൈവികമായ ക്രിസ്തുമതം.

I. മതം.

ഓരോ മനുഷ്യനും അവശ്യവും നിരാകാരവുമായ ഒരു ആത്മാവുണ്ടെന്നും, ഈ ആത്മാവ് മരണംവഴിയായി ശരീരത്തിൽ നിന്ന് വേർപിരിയുമെങ്കിലും നിത്യമായി ജീവിക്കുമെന്നും, ഭവിഷ്യജ്ജീവിതത്തിൽ അതിന്റെ ഈ ജീവിതത്തിലെ പ്രവൃത്തികൾക്കു അനുയോജ്യമായ ഭാഗ്യമൊ നിർഭാഗ്യമൊ അനുഭവിക്കേണ്ടിവരുമെന്നും, നിത്യഭാഗ്യം ലബ്ധമാകണമെങ്കിൽ തന്റെ സ്രഷ്ടാവായ ദൈവത്തെ 'വേദം' വഴിയായി ആരാധിച്ചു വണങ്ങി ബഹുമാനിക്കേണ്ടതു ആവശ്യമെന്നും സകല ജാതിജനങ്ങളും മിക്കവാറും ഐകകണ്ഠ്യേന സമ്മതിക്കുന്ന പ്രകൃതിന്യായം തന്നെയും കാണിച്ചുതരുന്ന സംഗതികളത്രെ.

എന്നാൽ ദൈവാരാധനയ്ക്കുതകുന്ന ഈ വേദം ഏതുവിധമായിരിക്കണമെന്നന്വേ-

ഷിക്കുമ്പോൾ മനുഷ്യൻ പ്രകൃതിന്യായം കൊണ്ടുമാത്രം സ്വാഭാവികധർമ്മത്തെ അറിയുന്നതും നിറവേററുന്നതും അസാദ്ധ്യമെന്നു പല ജാതിക്കാരുടെ ഭിന്നാഭിപ്രായങ്ങളും അവസ്ഥാനുസരണമായ അനേക അബദ്ധപ്രവൃത്തികളും സ്പഷ്ടമായി തെളിയിച്ചു കാണിക്കുന്നതിനാൽ, മനുഷ്യൻ തന്റെ കടമകളെ ശരിയായി ഗ്രഹിച്ചു നിർവ്വഹിക്കണമെങ്കിൽ 'ദൈവവെളിപാട്' എന്ന സഹായം അവനു അത്യാവശ്യവും അപരിത്യാജ്യവുമാണെന്നു അനുഭവവും ചരിത്രവും ബലമായി സാക്ഷീകരിക്കുന്നു. ഇതിന്റെ ആവശ്യകതയെപ്പററിയുള്ള ബോധം മൂലംതന്നെ ആയിരിക്കണം ലോകത്തിലുള്ള ഓരോ മതാവലംബികളും താന്താങ്ങളുടെ മതം ദൈവത്താൽ സ്ഥാപിതമെന്നു വാദിക്കയും തെളിയിപ്പാൻ ശ്രമിക്കയും ചെയ്തുവരുന്നതു്..

എങ്കിലും, ഇന്നു ലോകത്തിലുള്ള വിവിധമതങ്ങൾ തമ്മിൽ തുലനം ചെയ്തു നോക്കുന്നതായാൽ അവയുടെ തത്വങ്ങളിൽ ഗണ്യമായ പരസ്പരവിരുദ്ധങ്ങൾ ഉള്ളതായി കാണാവുന്നതാണ്. എന്നിരിക്കെ അവയിൽ ഏതെങ്കിലും ഒന്നുമാത്രമല്ലാതെ സത്യസന്ധനായ ദൈവത്താൽ സ്ഥാപിതമായിരിക്കാവതല്ലായെന്നു സുബു [illegible] യുള്ള ഏവനും അനുമാനിക്കാവുന്നതാ [illegible] ഏവക്കും അന്വേഷിച്ചറിഞ്ഞനുസ [illegible] ൻ കടമയുള്ളതായ യഥാർത്ഥ ദൈ [illegible] പളിപാടിനെ മനുഷ്യനിർമ്മിതങ്ങളാ [illegible] ചയിൽ നിന്നു തിരിച്ചറിയുന്നതിനുള്ള ഒരു തെററുവരാത്ത മട്ടും യഥാർത്ഥ അത്ഭുതങ്ങളും, പ്രവചനങ്ങളുമാകുന്നു. ഇതിനാൽ ഇവ രണ്ടും ഏതു മതത്തിൽ ഉണ്ടോ ആ മതം അവിതർക്കിതമായി ദൈവത്താൽ സ്ഥാപിക്കപ്പെട്ട സത്യമതമാണെന്നു നിഷ്പ്രയാസം അനുമാനിക്കാം. ഈ രണ്ടു അടയാളങ്ങളാവട്ടെ ക്രിസ്തുവിന്റെ കാലംവരെയും പൂർവ്വകാലത്തിൽ സത്യവേദത്തിന്റെ ഒരു പ്രാരംഭമെന്ന നിലയിൽ ദൈവത്താൽ സ്ഥാപിതമായിരുന്ന യഹൂദവേദത്തിലും, ക്രിസ്ത്വാബ്ദത്തിനുശേഷം ദൈവമായ മ്ശിഹായാൽ സ്ഥാപിതമായ ക്രിസ്തുമതത്തിലും മാത്രമെ കാണപ്പെടുന്നുള്ളു. ആകയാൽ നിത്യരക്ഷപ്രാപിപ്പാൻ ആഗ്രഹിക്കുന്ന ഏവരും അനുസരിക്കേണ്ടു ഏക ദൈവിക മതം ഇപ്പോൾ 'ക്രീസ്തുമതം' മാത്രമാകുന്നു.

## II. ക്രിസ്തുമതം.

പത്തൊമ്പതു ശതകങ്ങൾക്കു മുമ്പു ഒരു നിശ്ചിത കാലത്തു യൂദാദേശത്തിൽ ഒരു എളിയ ജാതനായ സാധാരണനെപ്പോലെ ഈശോമ്ശിഹാ (യേശുക്രീസ്തു) എന്ന നാമധാരിയായ ഒരാൾ കാണപ്പെട്ടു. ക്രീസ്ത്വാബ്ദത്തിനു പല ശതകങ്ങൾക്കു മുമ്പേതന്നെ എഴുതപ്പെട്ടിട്ടുള്ള 'ബൈബിൾ' എന്ന പ്രസിദ്ധഗ്രന്ഥത്തിൽ മനുഷ്യരക്ഷാർത്ഥം നിയോഗിതനാകുമെന്നു വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന ഒരു പരിത്രാതാവിന്റെ ജനനകാലം വംശോല്പത്തി, ജനനസ്ഥലം, വിസ്മയജീവിതം, കഷ്ടാനുഭവങ്ങൾ, അപമാനമരണം ആദിയായി സവ്യക്തം പ്രവചിക്കപ്പെട്ടിരുന്ന സകലവിധ സാഹചര്യങ്ങളും ഈയാളിൽ പൂർണ്ണമായി നിറവേറിയിട്ടുണ്ടു്. വിശേഷ ശാസ്ത്രാഭ്യാസങ്ങൾ ഇല്ലാതിരുന്ന ഈയാൾ താൻ സകലത്തിന്റേയും സ്രഷ്ടാവും, നാഥനും, അവസാന ന്യായാധിപനും ആകുന്നുവെന്നു പരസ്യമായി വാദിക്കയും, സകല മനുഷ്യരിൽ നിന്നും അനുസരണയെ ആവശ്യപ്പെടുകയും, ഒരു പുതിയ പഠനത്തെയും പ്രത്യേക നിയമങ്ങളെയും, ഇവയുടെ എളുപ്പമായ നിർവ്വഹണത്തിനു ഉപയുക്തങ്ങളായ ചില നല്ലമാർഗ്ഗങ്ങളെയും സ്ഥാപിക്കയും, പാപവിമോചനത്തിനും സ്വർഗ്ഗപ്രാപ്തിക്കും വേണ്ടി ചില നിശ്ചയങ്ങളെ ഏർപ്പെടുത്തുകയും ചെയ്തു. സംക്ഷേപിച്ചു പറയുന്നതായാൽ ഈ ആൾ ഒരു വേദം സ്ഥാപിക്കയും സകലരും-അവശ്യം ഈ മതത്തെ സ്വീകരിക്കണമെന്നു കല്പന പ്രസിദ്ധീകരിക്കയും, ഈ സ്ഥാപനത്തെ സ്വന്ത മരണം കൊണ്ടുതന്നെയും സ്ഥിരീകരിക്കയും ചെയ്തു. മനുഷ്യരുടെ സകല സ്വാഭാവികേച്ഛകൾക്കും തീരെവിപരീതമായിരുന്ന ക്രീസ്തുവിന്റെ ഈ മത സിദ്ധാന്തത്തെ, പൂർവ്വകാലത്തും മനുഷ്യർ ആധുനിക കാലത്തെപ്പോലെതന്നെ സന്ദേഹവാദികളായിരുന്നെങ്കിലും അന്നും ലക്ഷോപലക്ഷംപേർ സ്വീകരിച്ചിട്ടുണ്ടു്. അനേ

കായിരം പേർ ഈ വേദത്തെ അനുസരിച്ചു. അതിൻെറ സാക്ഷിക്കായി സ്വന്ത ജീവനെത്തന്നെയുംബലിയായി വേദഞെരുക്കങ്ങളിൽ സധൈൎയ്യം സമൎപ്പിച്ചിട്ടുമുണ്ട്. എല്ലാ സ്ഥിതിയിലും, വൎഗ്ഗത്തിലും, സമുദായത്തിലും ഉൾപ്പെട്ട അസംഖ്യ ആളുകൾ ലോകത്തിൻെറ നാനാഭാഗത്തുമായി അതിനെ ഇപ്പോഴും അനുസരിച്ചുവരുന്നു. ഇവയെല്ലാം അനിഷേധ്യങ്ങളായ ചരിത്ര സംഭവങ്ങൾ ആകുന്നു. ഇവ, താൻ സ്വൎഗ്ഗത്തിൽ നിന്നു നിയുക്തനായ പ്രത്യേക സ്ഥാനപതിയും ദൈവംതന്നെയുമാണെന്നുള്ള മ്ശിഹായുടെ വാദം സയുക്തികമെന്നു വിശദമായി കാണിക്കുന്നു.

എന്നാൽ ഇനിയും ക്രിസ്തുവിനെ ചരിത്രപ്രസിദ്ധനായ ഒരു സാധാരണ മനുഷ്യൻ എന്ന നിലയിൽ മാത്രം നാം കരുതുന്നതായിരുന്നാൽപോലുംതന്നെപ്പററിയുള്ള അദ്ദേഹത്തിൻെറ സാക്ഷി, തൻെറ ശത്രുക്കൾക്കൂടെയും സമ്മതിക്കത്തക്കവണ്ണമുള്ള തൻെറ ജീവിതനൈൎമ്മല്യത്തെയും തൻെറ മതോപദേശങ്ങളുടെ ഔന്നത്യ പരിശുദ്ധതയേയും, തൻെറ ജീവിതമരണങ്ങളുടെ വൈശിഷ്ട്യത്തേയും. താൻ പ്രവൎത്തിച്ച നിരവധിഅത്ഭുതങ്ങളേയും, പിൽകാലങ്ങളിൽ പൂൎണ്ണമായി നിറവേററിയിട്ടുള്ള തൻെറ പ്രവചനങ്ങളേയും, തൻെറ ഉത്ഥാന സ്വൎഗ്ഗാരോഹണങ്ങളേയും, തൻെറ സുകൃതപഠനംമൂലം മനുഷ്യഗണത്തിൻെറ ഇടയിലുണ്ടായിട്ടുള്ള സാമുദായിക മാററങ്ങളേയും അസാമാന്യ ഫലങ്ങളേയും ആശ്രയിച്ചിരിക്കുന്നതിനാൽ ഇവതന്നെ ക്രിസ്തു ദൈവമാകുന്നു എന്നും, അദ്ദേഹത്താൽ സ്ഥാപിതമായ മതം ദൈവികമെന്നും ധാരാളം വിളിച്ചുപറയുന്നില്ലയോ? ഈ വേദത്തിൻെറ ദൈവികത്വം ഒന്നു മാത്രമല്ലയോ ഈ മതത്തിലേക്ക് അതേ, സ്വാഭാവികേച്ഛകൾക്കു തുലോം വിരുദ്ധങ്ങളായ സംഗതികളെ ആവശ്യപ്പെടുന്ന ഈ മതത്തിലേക്ക്— അസംഖ്യ ആളുകളെ ആകൎഷിച്ചിട്ടുള്ളതും ആകൎഷിക്കുന്നതും? ഈ ഏകന്യായമല്ലയോ ഐഹിക സുഖസന്തോഷാദികളെ പരിത്യജിച്ചു കഠിനതപസ്സു ജീവിതത്തെ തെരിഞ്ഞെടുക്കുന്നതിന്നും, ഞെരുക്കങ്ങളും പീഡകളും മരണം തന്നെയും സന്തോഷം അനുഭവിക്കുന്നതിന്നും അനേകരെ പ്രോത്സാഹിപ്പിച്ചിട്ടുള്ളതു്?

ഈ ക്രിസ്തുവേദത്തെ ലോകം മുഴുവനിലും പ്രസംഗിച്ചറിയിക്കുന്നതിന്നായി പ്രേഷിതരായ അക്ഷരജ്ഞാനംകൂടെ ഇല്ലാതിരുന്ന ഭീരുക്കളായ ക്രിസ്തുവിൻെറ ഏ്വ ശിഷ്യരുടെ സ്ഥിതിയും, ദൈവികകാൎയ്യങ്ങളിൽ അഭിരുചിയില്ലാതെ ഐഹിക സുഖസന്തോഷങ്ങളിൽ നിമഗ്നരായി ജീവിതം നയിച്ചിരുന്ന അക്കാലത്തെ മനുഷ്യരുടെ അവസ്ഥയും ഏതുവിധമായിരുന്നുവെന്നു ആലോചിച്ചു നോക്കുവിൻ. സകല വേദഞെരുക്കങ്ങളിലും പൂൎണ്ണ ജയം പ്രാപിച്ചുകൊണ്ടു് ഈ മതത്തെ പ്രചരിപ്പിക്കുന്നതിൽ പ്രസ്തുത വിശുദ്ധർ ഉപയോഗിച്ച ഏക ആയുധം അനിഷേധ്യങ്ങളായ യഥാൎത്ഥ അത്ഭുതങ്ങൾ മൂലം സ്ഥിരീകൃതമായ അവരുടെ പ്രസംഗവും സന്മാതൃകയും മാത്രമായിരുന്നു. കിന്തു, പഠനത്തിലും നാനാവിധ ശാസ്ത്രങ്ങളിലും, ജ്ഞാനത്തിലും, ബുദ്ധിസാമൎത്ഥ്യത്തിലും, കീൎത്തിയിലും, കാൎയ്യപ്രാണിയിലും മററെല്ലാ പ്രകാരത്തിലും മഹാന്മാരായുള്ള ആളുകളെക്കൊണ്ടു ക്രീസ്തുമതലോകം സവിശേഷം അലങ്കരിച്ചിരിക്കുന്നു. ഈ മതാനുസാരികൾ ഇന്നു ലോകത്തിൻെറ എല്ലാ ഭാഗത്തിലും ഉണ്ടായിരിക്കുന്നു. ഇതിനാലത്രെ, "അത്ഭുതങ്ങളൊ സ്വാഭാവാതീതലക്ഷണങ്ങളൊ കൂടാതെ നിരക്ഷരകുക്ഷികളായ കുറെപ്പേരുടെ ബുദ്ധിയുപദേശത്തിന്മേൽമാത്രം ആശ്രയിച്ചുകൊണ്ടു് ഈ ദുർഗ്രഹങ്ങളായവയെ വിശ്വസിക്കുന്നതിന്നും ഈ ഭാരമായവയെ പ്രവൎത്തിക്കുന്നതിന്നും ഈ ഉന്നതങ്ങളായവയെ ശരണപ്പെട്ടു പ്രതീക്ഷിക്കുന്നതിനും ലോകം പ്രേരിപ്പിക്കപ്പെട്ടുവെങ്കിൽ അതുതന്നെ അത്ഭുതങ്ങളിൽവച്ചു ഏററംവലിയ അത്ഭുതമായിരിക്കുന്നു" എന്നുവേദപാരംഗതന്മാരിൽ അഗ്രഗണ്യനായ വി. തോമ്മസ് അക്വീനാസും (Contra Gent. Lib. I. C. VI.) "സത്യവേദത്തിൻെറ പ്രചരണത്തിൽ അത്ഭുതങ്ങൾ പ്രവൎത്തിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതിൽ വിശ്വാസമില്ലാത്തവരുണ്ടെങ്കിൽ ഭൂലോകമൊക്കെയും 'അത്ഭുതങ്ങളില്ലാതെ' ആ സത്യവേദത്തിൽ ഉൾപ്പെട്ടതു എല്ലാററിലും വ

ലിയ ഒരു അത്ഭുതമാകുന്നുവെന്ന് അവർ സമ്മതിച്ചു വിശ്വസിക്കട്ടെ" എന്നു പ്രസിദ്ധനും സർവ്വസമ്മതനുമായ വി. അഗുസ്തീനോസ് വേദപാരംഗതനും (De Civi. Dei: Lib. XXII.) പലേ ശതകങ്ങൾക്കുമുമ്പുതന്നെ പറഞ്ഞിരിക്കുന്നത്. ആകയാൽ ക്രീസ്തുമതത്തിന്റെ വിസ്മയപ്രചാരവും ആ മതം ദൈവികമെന്നു തെളിയിക്കുന്നു.

ഒരുവൻ ക്രീസ്തുമതത്തിന്റെ ഓരോ സത്യത്തെയും വിശ്വസിക്കുന്നതിലേക്കു അവന്ന് ഉറപ്പുള്ള അസ്ഥിവാരം അതിന്റെ സ്ഥാപകനും ദൈവവുമായ ക്രീസ്തുതന്നെയാകുന്നു. അദ്ദേഹത്തിൽ ദൃഢമായി വിശ്വസിക്കുന്നതിന്നുവേണ്ടി ഈ വിശുദ്ധ മതം അവന്നു കാണിച്ചുകൊടുക്കുന്ന പ്രധാന ന്യായങ്ങളും സാക്ഷികളും ഏവയെന്നു വീണ്ടും സംക്ഷേപിച്ചു ഇവിടെ ചേർക്കുന്നു:—

൧. ക്രീസ്തുവിന്റെ അത്ഭുതങ്ങളും പ്രവചനങ്ങളും പ്രത്യേകം അവിടുത്തെ ഉത്ഥാനവും.

൨. ആളിനടുത്ത അദ്ദേഹത്തിന്റെ സ്വഭാവ വിശേഷതയും നിർമ്മല ജീവിതവും ആധുനിക കാലത്തുപോലും അവിടുത്തെ തിരുനാമത്തിന്നുള്ള പ്രബലതയും.

൩. അദ്ദേഹത്തിന്റെ ദിവ്യപഠനങ്ങളുടെ യഥാർത്ഥ വൈശിഷ്ട്യവും ഔന്നത്യവും.

൪. മനുഷ്യന്റെ വഷളായ മനസ്സിന്നു തുലോം വിരുദ്ധവും അവന്റെ പരിമിതബോധത്തിന്നു തീരെ അഗ്രാഹ്യവുമായ അവിടുത്തെ ബോധനത്തിന്റെ വിസ്മയകര വളർച്ചയും പ്രചാരവും.

൫. ഈ മതസിദ്ധാന്തങ്ങളുടെ സാക്ഷികളായി സധൈര്യം മരണം പ്രാപിച്ചിട്ടുള്ള അസംഖ്യരക്തസാക്ഷികളും.

൬. സ്വഭാവാതീതങ്ങളായ പലേ സംഗതികളെ അടക്കിക്കൊള്ളുന്ന അനേക വിശുദ്ധരുടെ അത്ഭുതമായ ജീവചരിത്രവും.

൭. ക്രീസ്തുവിന്റെ കാലംമുതൽ ഏതല്ക്കാലപര്യന്തമുള്ള തിരുസഭാചരിത്രവും പ്രത്യേകം തന്റെ സഭയുടെ ദൃശ്യതലവനായി ക്രീസ്തുവിനാൽ നിയമിക്കപ്പെട്ട വി. പത്രോസ് മുതൽ ഇപ്പോൾ തിരുസഭയെ ശ്രേയസ്കരമായി ഭരിച്ചുവരുന്ന ൧൫-ാം ബനദിക്തോസ് വരെയുള്ള മാർപ്പാപ്പാമാരുടെ ഇടമുറിയാതുള്ള പിന്തുടർച്ചയും ആകുന്നു.

ക്രീസ്തു ദൈവത്താൽ നിയുക്തനായ സ്ഥാനപതിയും, സാക്ഷാൽ ദൈവവും ആണെന്നും, അദ്ദേഹത്താൽ സ്ഥാപിതമായ ക്രീസ്തുമതം ദൈവികമാണെന്നും ക്രിസ്ത്യാനികൾ ഉറപ്പായി വിശ്വസിക്കുകയും എക്കാലത്തും എവിടെയും ബലമായി വാദിക്കുകയും ചെയ്യുന്നത് മേൽ ഉദ്ധരിക്കപ്പെട്ട നിർവ്വിവാദ ചരിത്രസത്യങ്ങളായ തെളിവുകളിന്മേൽ ആശ്രയിച്ചാകയാൽ അവരുടെ വിശ്വാസം ന്യായമുള്ളതും വിവേകപൂർവ്വകവുമാകുന്നു. നിർമ്മത്സരബുദ്ധികൾക്കു ന്യായമായി ക്രീസ്തുവിൽ വിശ്വസിക്കുന്നതിന്നു പ്രസ്തുത തെളിവുകളിൽ ഏതെങ്കിലും ഒന്നു ധാരാളം മതിയായിരിക്കുന്നു.

## III. കത്തോലിക്കമതം.

എന്നാൽ ക്രീസ്തുമതത്തിൽതന്നെ സാരമായ സംഗതികളിൽ വ്യത്യസ്ഥപഠനങ്ങളെ പഠിപ്പിക്കുന്ന അനേക ശാഖകൾ ഉണ്ടായിരിക്കെ അവയിൽ വെച്ചു ഏവരും അവശ്യം അനുസരിക്കേണ്ട ഏക സത്യക്രിസ്തീയ സഭ ഏതെന്നു എങ്ങിനെ അറിയുമെന്നു വല്ലൊരുത്തൻ ചോദിച്ചേക്കാം. ഇപ്രകാരമുള്ള ഒരു സത്യാന്വേഷിക്കു പ്രസ്തുത അറിവു സമ്പാദിക്കുന്നതിന്നു ക്രിസ്തുവിന്റെ കാലം മുതൽ ഇന്നേവരെയും അവിടുത്തെ വിശുദ്ധ നിശ്ചയങ്ങളിൽനിന്നു ഒട്ടും വ്യതിചലിക്കാതെ നിലനിന്നു വരുന്ന സഭ ഏതെന്നും, അതിൽ സത്യവേദത്തിന്റെ തെറ്റുവരാത്ത മട്ടമായ യഥാർത്ഥ അത്ഭുതങ്ങളും പ്രവചനങ്ങളും പ്രത്യക്ഷമായി കാണപ്പെടുന്നുണ്ടോയെന്നും അന്വേഷിച്ചാൽ മതിയായിരിക്കുന്നു. ഈ ലക്ഷണങ്ങളാവട്ടെ റോമൻകത്തോലിക്കസഭയിൽ മാത്രമേ കാണപ്പെടുന്നുള്ളുവെന്നു നിർമ്മത്സരബുദ്ധികളായ സത്യാന്വേഷികൾക്കു കണ്ടുപിടിക്കാവുന്നതാണ്. ഇതിനാൽ ഏക ദൈവികമായ ക്രീസ്തുമതം "റോമൻകത്തോലിക്ക തിരുസഭ" മാത്രമാകുന്നു.

ഫാദർ ഗ്രിഗോരി, സി. ഡി.

# മത്തത്തിയാസിൻെറ ധീരോദാത്തത.

ഓർശ്ലേം നിവാസിയായ യോഹന്നാൻെറ മകൻ മത്തത്തിയാസിനെക്കുറിച്ച് വേദാഗമത്തിൽ വിവരിക്കപ്പെടുന്ന സംഗതി മതപ്രതിപത്തിയും വിശ്വാസവും തുലോം കുറഞ്ഞിരിക്കുന്ന ഇക്കാലത്തിൽ ലോകതരണം ചെയ്യുന്നവൎക്ക ദൈവശുശ്രൂഷയിലും സന്മാൎഗ്ഗനിഷ്ഠയിലും ആസക്തിയുണ്ടാകുന്നതിന്നു വളരെ ഉപകരിക്കുന്നതാണ്. ഓർശ്ലേം പട്ടണവും, ബോധജ്ഞാനിയായ ശ്ലേമ്മോൻെറ ബുദ്ധിവിദഗ്ദ്ധതയുടെ ഫലമായ മനോഹരദേവാലയവും യഹൂദജനങ്ങൾക്ക് എത്ര പൂജ്യമായ ഒന്നായിരുന്നു എന്നു വിശേഷാൽ പറയേണ്ടതില്ലല്ലൊ. ക്രൂരവാഴിയായ അന്തിയോക്കോസ് രാജാവ് ഒരു കാലത്ത് ഈ വിശുദ്ധ പട്ടണത്തേയും പള്ളിയേയും നിർദ്ദയം ആക്രമിക്കയും വിശുദ്ധസ്ഥലത്തെ അശുദ്ധമാക്കയും പൂജാപാത്രങ്ങളെ കവർച്ചചെയ്കയും ജനങ്ങളെ കീഴടക്കി ഉപദ്രവിച്ച് അടിമകളാക്കയും ചെയ്തു. തന്നെയുമല്ല, വേദപ്രമാണങ്ങളെ അനുസരിച്ചു നടക്കുന്നതിനും മൂശയുടെ നിയമത്തിന്നുതക്കവണ്ണം ജീവിക്കുന്നതിന്നും വേണ്ട തടസ്സങ്ങൾ ചെയ്തിരുന്നു. കള്ളദേവന്മാരെ വന്ദിക്കുന്നതിന്നും യഹൂദന്മാൎക്ക മുടക്കപ്പെട്ട ഭക്ഷണസാധനങ്ങളെ കഴിക്കുന്നതിന്നുംകൂടി നിർബന്ധിക്കയുണ്ടായി. സത്യദൈവത്തെ ആരാധിക്കുന്നതിന്നും അങ്ങേക്കു പൂജ അർപ്പിക്കുന്നതിന്നും ഛേദനാചാരകൎമ്മം ചെയ്യുന്നതിന്നും അവൎക്ക സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ഈ ആപൽക്കാലാവസരത്തിൽ അലസന്മാരും ഭീരുക്കളുമായ ചില യഹൂദന്മാർ, ദൈവപ്രമാണങ്ങളേയും അവരുടെ പൂൎവ്വന്മാരുടെ നടപടികളേയും ധിക്കരിച്ച്, ക്രൂരവാഴിയുടെ ആജ്ഞാനുസരണം അജ്ഞാനമുറയെ സ്വീകരിച്ച് നിർല്ലജ്ജം എന്തും പ്രവൎത്തിക്കുന്നതിന്നു മടിച്ചില്ല. മതപ്രസക്തനും ധീരനുമായ മത്തത്തിയാസും അയാളുടെ പുത്രന്മാരും ന്യായരഹിതമായ രാജാജ്ഞകളെ സധൈൎയ്യം നിഷേധിച്ചുകൊണ്ട് പരസ്യമായി ഉപദേശിക്കയും ജനങ്ങളെ പൂൎവ്വവിശ്വാസത്തിലും വേദത്തിലും സ്ഥിരപ്പെടുത്തുകയും ചെയ്തിരുന്നു. യൂദയായുടെയും ഓർശ്ലേത്തിൻെറയും ദയനീയാവസ്ഥയും ജനങ്ങളുടെ വിലാപവും കണ്ടുകൊണ്ട് ഒരിക്കൽ ഈ മഹാൻ നിലവിളിച്ചതായത്: അയ്യോ, ഞാൻ നിർഭാഗ്യൻ; ഈ വിശുദ്ധ പട്ടണം ശത്രുക്കളുടെ കൈവശമിരിക്കുന്നു. ഞാൻ അതിൽ താമസിച്ചുകൊണ്ട് എൻെറ ജനത്തിൻെറ നിലവിളി കേൾക്കുന്നു. ഈ വിശുദ്ധ സ്ഥലത്തിൻെറ ശൂന്യാവസ്ഥയെ കണ്ടുകൊണ്ട് ജീവിക്കുന്ന എനിക്കു നിർഭാഗ്യം! ഇതാ വിശുദ്ധ പട്ടണം അന്യാധീനപ്പെട്ടിരിക്കുന്നു. അതിലെ പ്രധാനാലയം അനാചാരമായിരിക്കുന്നു. അതിലെ ബഹുമാനമുള്ള തിരുപ്പാത്രങ്ങൾ അശുദ്ധങ്ങളായിരിക്കുന്നു. അതിലെ മഹാന്മാർ നിർദ്ദയം നിഗ്രഹിക്കപ്പെട്ടിരിക്കുന്നു. യുവാക്കന്മാർ ശത്രുക്കളുടെ വാളുകൾക്കിരയായിരിക്കുന്നു. അതിലെ തിരുവാഭരണങ്ങൾ അപഹരിക്കപ്പെട്ടിരിക്കുന്നു. സ്വാതന്ത്ര്യത്തെ നാമാവശേഷമാക്കി അതിനെ അടിമസ്ഥാനത്താക്കിയിരിക്കുന്നു. നോക്കുക! നമ്മുടെ പരിശുദ്ധസ്ഥലം, നമ്മുടെ അഭിമാനം, സ്തുതി ഇതുകൾ അശേഷം നഷ്ടീഭവിച്ചിരിക്കുന്നു". ഈ സങ്കടങ്ങൾ തങ്ങൾക്കും കൂട്ടൎക്കും നേരിട്ടതു ദൈവകോപത്തിൻെറ അടയാളമാണെന്നു കരുതി മത്തത്തിയാസും അയാളുടെ മക്കളും പൂൎവ്വകാലത്തിൽ താപസന്മാർ ചെയ്യുന്ന പതിവനുസരിച്ച് തങ്ങളുടെ വസ്ത്രങ്ങളെ കീറി തപഃചട്ടകൾ ധരിച്ചും ക്ഷാരംവിതറി കരഞ്ഞും ദൈവത്തോട് പ്രാൎത്ഥിച്ചിരുന്നു. ഇങ്ങിനെയിരിക്കെ അന്തിയോക്കോസിൻെറ അനുചരന്മാരും പടയാളികളും വന്നുകൊണ്ട് സത്യദൈവാരാധനയേയും പ്രമാണങ്ങളേയും ഉപേക്ഷിച്ച് ദേവന്മാൎക്ക പൂജിക്കുന്നതിനായി നയവും ഭയവും പ്രയോഗിച്ചു തുടങ്ങി. യഹൂദന്മാരിൽ ചിലർ ഇതനുസരിച്ചു പ്രവൎത്തിച്ചു. എന്നാൽ മത്തത്തിയാസും കൂട്ടരും എതിരിട്ടു നിന്നു.

മത്തത്തിയാസിനോടു പടയാളിക

ൾ പറയുന്നതായതു്: "അല്ലയോ ഭവാൻ! ശ്രവിച്ചാലും. നിങ്ങൾ ഈ പട്ടണത്തിൽ ഒരു മാന്യൻ, ഒരു അധികാരി, മക്കളും സഹോദരങ്ങളും നിങ്ങളുടെ വരുതിയിൽ നിൽക്കുന്നു. അതിനാൽ നിങ്ങൾ ആദ്യമായി അന്തിയോക്കോസ് രാജാവിൻെറ കല്പനയെ അനുസരിക്കണം. അനവധി ജാതിക്കാർ രാജാവിൻെറ കല്പനകൾക്കു കീഴ്പ്പെട്ടിരിക്കുന്നു. യൂദായിലെ ജനങ്ങളും ഓർശ്ലം നിവാസികളും നിങ്ങളും നിങ്ങളുടെ മക്കളും രാജസ്നേഹിതന്മാരുടെ കൂട്ടത്തിൽ ഗണിക്കപ്പെടുന്നതാണു്. തന്നെയുമല്ല, അദ്ദേഹത്തെ അനുസരിച്ചു വർത്തിച്ചാൽ പൊൻ വെള്ളി മുതലായി അനവധി ദ്രവ്യങ്ങളും സ്ഥാനമാനങ്ങളും നിങ്ങൾക്കു നൽകപ്പെടും". പ്രതിവാക്യമായി മത്തത്തിയാസ് പറയുന്നതായതു്: "എല്ലാ ജാതിജനങ്ങളും അന്തിയോക്കോസിന്നു വഴങ്ങിയാലും, അവരുടെ പൂർവ്വന്മാരുടെ നിയമങ്ങളിൽനിന്നു മാറി, ആ ക്രൂരവാഴ്ചക്കു കീഴ്പ്പെട്ടാലും തരക്കേടില്ല. ഞാനും എൻെറ മക്കളും ഞങ്ങളുടെ പൂർവ്വന്മാരുടെ പ്രമാണങ്ങളെ ലംഘിക്കുന്നതല്ല. ദൈവം ഞങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവത്തിൻെറ പ്രമാണങ്ങളേയും നീതിയേയും ഉപേക്ഷിക്കുന്നതിന്നു് ഒരുവിധത്തിലും സാധിക്കയില്ല. അന്ത്യോക്കോസ് രാജാവിൻെറ ഭീഷണിവാക്കുകളെ ഞങ്ങൾ വകവെക്കുന്നതല്ല. ഞങ്ങളുടെ നിയമം കടന്നു ഒന്നും പ്രവൃത്തിക്കയില്ല". ഇതുകൾ പറഞ്ഞവസാനിപ്പിക്കുന്നതിന്നുമുമ്പായി ഒരുവൻ ആ ജനക്കൂട്ടത്തിൻമുമ്പാകെ രാജാജ്ഞയ്ക്കനുസരണമായി കപടദേവന്മാൎക്കു പൂജിക്കുന്നതിന്നു് ഒരുങ്ങിവന്നു. ദൈവനിരാസാജനകമായ ഈ ദുഷ്കൃത്യത്തെ കണ്ടു് അതികുപിതനായി തൻെറ മതനിർദ്ദേശപ്രകാരം ആ പാതകനെ തത്ക്ഷണം തൽസ്ഥലത്തുവച്ചുതന്നെ നിഗ്രഹിച്ചു. വിഗ്രഹങ്ങൾക്കായി കെട്ടിയിരുന്ന പീഠത്തെ തകർത്തു നിലംപരിശാക്കിക്കളഞ്ഞു. അന്ത്യോക്കോസിൻെറ സേവകന്മാരെയും ഒന്നിടാതെ വധിക്കയുണ്ടായി. അതിൻെറ ശേഷം ജനക്കൂട്ടത്തിൽനിന്നും മാറി ഉച്ചത്തിൽ നിലവിളിച്ചതായതു്: "ഉടമ്പടിയേയും പൂർവ്വനിയമങ്ങളേയും കാക്കുന്നതിന്നു ഇഷ്ടമുള്ളവരൊക്കെയും എൻെറ പിന്നാലെ വരട്ടെ". ഇപ്രകാരം പറഞ്ഞുകൊണ്ടു് പട്ടണത്തിന്നടുത്തുള്ള ഒരു മലയിൽ കയറി അവിടെ രഹസ്യമായി സത്യദൈവത്തെ ആരാധിച്ചു് അങ്ങേക്കു പൂജ അൎപ്പിക്കുകയും മററും ചെയ്തു. അവിടെവച്ചു് ദൈവപ്രമാണങ്ങളേയും മൂശയുടെ നിയമങ്ങളേയും അവരുടെ പിതാക്കന്മാരുടെ നടപടികളേയും കാത്തുവന്നു. ദൈവനീതിയെ പാലിക്കുന്നതിന്നു ആഗ്രഹിച്ചിരുന്ന മററു പലരും അവരുടെ സന്മാതൃകയ്ക്കനുസരണമായി വനത്തിൽ പ്രവേശിച്ചു. ഈ സംഗതിയൊക്കെയും അന്ത്യോക്കോസു രാജാവു് അറിഞ്ഞപ്പോൾ കോപാക്രാന്തനായി ഇവരോടെതൃത്തു് ഇവരെ നശിപ്പിക്കുന്നതിന്നായി ഒരു സംഘം പട്ടാളത്തെ അയച്ചു. യഹൂദന്മാൎക്കു ഏത്രയും പൂജ്യമായിട്ടുള്ള ശനിയാഴ്ച ദിവസമാണു ശത്രുക്കൾ യുദ്ധത്തിന്നൊരുങ്ങിയതു്. "നിങ്ങൾക്കു് ഈ ലോകത്തിൽ ജീവിക്കണമെങ്കിൽ മലയിൽനിന്നു ഇറങ്ങിവരുവിൻ" എന്നു ശത്രുക്കൾ പറഞ്ഞു. അതിന്നു യഹൂദന്മാർ ഉത്തരിച്ചതായതു്: "ദൈവകല്പനയെ ലംഘിച്ചുകൊണ്ടു ഞങ്ങൾ ശനിയാഴ്ചദിവസം ഇറങ്ങുകയാകട്ടെ യുദ്ധം തുടങ്ങുകയാകട്ടെ ചെയ്യുന്നതല്ല. രാജാവിൻെറ അനീതിയായ വിളംബരത്തെ അനുസരിക്കയുമില്ല. ശനിയാഴ്ചദിവസം ശത്രുഭാഗത്തു് ഒരുത്തനെ കല്ലെറികകൂടി ചെയ്യുകയില്ല. "പ്രമാണത്തിന്നുവേണ്ടി നമ്മുടെ നിഷ്കപടതയിൽ എല്ലാവരും മരിക്കാം. ശത്രുക്കൾ അനീതിയായി ഈ കഠിനകൃത്യം ചെയ്യുയെന്നു ആകാശവും ഭൂമിയും സാക്ഷിക്കട്ടെ എന്നു പറഞ്ഞതല്ലാതെ അന്നു യുദ്ധം ചെയ്തില്ല. ഈ ഘട്ടത്തിൽ ശത്രുഭാഗം പടയാളികൾ നിർദ്ദയം അവരേയും കുഞ്ഞുങ്ങളേയും അവരുടെ മൃഗാദികളേയും പാടെ നിഗ്രഹിച്ചു. ഉദ്ദേശം ആയിരംപേർ ഈ സമരത്തിൽ കൊല്ലപ്പെട്ടു. മത്തത്തിയാസും കൂട്ടരും ഇതറിഞ്ഞു വളരെ സഹതപിച്ചു. ഇനിയും തനിക്കും തൻെറ ജാതിക്കും വരുവാനിരിക്കുന്ന ആപത്തിനെക്കുറിച്ചു കരകയും ചെയ്തു. ഇതിൻെറശേഷം ധൈര്യംവിടാതെയും ദൈവത്തിൽ ആശ്രയിച്ചുകൊണ്ടും ഒരു യുദ്ധസന്നാഹം

കൂട്ടി ശത്രുക്കളോടെതിൎത്തു് അവരെ തോല്പിക്കയും അനേകരെ വധിക്കയും ചെയ്തു. വെളിയിൽവന്നു് അന്യദേവന്മാരുടെ പീഠങ്ങളൊക്കെ തകൎത്തു. പൂൎവ്വനിയമപ്രകാരം യഹൂദശിശുക്കളെ ചേലാകൎമ്മം ചെയ്യുകയുണ്ടായി. ഇത്രവലിയ ധൈൎയ്യത്തോടുകൂടി വൎത്തിച്ച ഓരോ സംഗതിയിലും ദൈവാശീൎവ്വാദം ധാരാളമുണ്ടായി. അടിമയിലും അസ്വാതന്ത്ര്യതയിലും കിടന്ന അവരുടെ പൂൎവ്വനിയമങ്ങളെ പുനസ്ഥാപിച്ചു. ഇങ്ങനെ അവരുടെ കഷ്ടകാലം തത്സമയം അവസാനിപ്പിക്കയും ചെയ്തു.

മത്തത്തിയാസിൻെറ മതപ്രതിപത്തിയും സന്മാൎഗ്ഗനിഷ്ഠയും ധീരതയും എങ്ങനെയുള്ളതായിരുന്നുയെന്നു മേൽപ്രസ്താവിച്ച സംഭവംതന്നെ തെളിവായിക്കാണിക്കുന്നു. എന്നാൽ ഇക്കാലത്തെ ക്രിസ്ത്യാനികളുടെ അവിശ്വാസവും സന്മാൎഗ്ഗവിരുദ്ധമായ നടപടികളും സൂക്ഷിച്ചാൽ സത്യവേദതത്വങ്ങൾ യാതൊന്നും അവർ അറിഞ്ഞിട്ടില്ലെന്നു തോന്നിപ്പോകും. ഒരു ക്രിസ്ത്യാനിയുടെ, അഥവാ കത്തോലിക്ക വിശ്വാസിയുടെ നാമം അവനുണ്ടെന്നല്ലാതെ അവൻ അനുസരിക്കുന്ന മതസിദ്ധാന്തങ്ങൾ ഏവയെന്നു് അവൻ അറിയുന്നില്ല; ഒരുപക്ഷേ അറിഞ്ഞാൽ തന്നെയും അതുകൾക്കനുസരണമായി പ്രവൎത്തിക്കുന്നില്ല. നാമമാത്രം ക്രിസ്ത്യാനി അഥവാ കത്തോലിക്കൻ എന്നു സവ്യഥം സമ്മതിക്കേണ്ടിയിരിക്കുന്നു. മത്തത്തിയാസും കൂട്ടരും രഹസ്യമായിട്ടെങ്കിലും അവരുടെ പൂൎവ്വന്മാരുടെ നിയമങ്ങളെ കാക്കുന്നതിന്നു വേണ്ട ശ്രമങ്ങൾ ചെയ്തു. ആധുനിക കാലത്തിലാകട്ടെ പരസ്യമായി പ്രമാണത്തെ ലംഘിക്കുന്നതു് അഭിമാനക്കുറവായി വിചാരിക്കുന്നതിനാൽ രഹസ്യമായി അതിനെ നിഷേധിക്കുന്നു. വയോവൃദ്ധനായ ഏലിയാസർ പന്നിമാംസം ഭക്ഷിക്കുന്നതിന്നു് അന്ത്യോക്കോസിനാൽ നിൎബ്ബന്ധിക്കപ്പെട്ടപ്പോൾ ചില മുഖസ്തുതിക്കാർകൂടി മററുവല്ല മൃഗത്തിൻെറയും മാംസം തിന്നുകൊണ്ടു് പന്നിമാംസം തിന്നുന്ന ഭാവം നടിക്കണമെന്നു് ഈ വൃദ്ധനോടുപദേശിച്ചു. ഇങ്ങനെ എൻെറ മതത്തെ ഒററിക്കൊടുക്കുന്നതിലും നന്നു് ആ മതനിഷ്ഠസ്ഥായി മരിക്കുന്നതാണു് എന്നു് ആ വന്ദ്യൻ ഉത്തരിച്ചു. നമ്മുടെ നാട്ടിൽ മാംസവൎജ്ജനം, മദ്യപാനനിരോധനം ആദിയായ നിയമങ്ങളെ അനുസരിച്ചു പ്രവൎത്തിക്കുന്നതിലും മററും വിമുഖന്മാരായിരിക്കുന്നവർ മേൽവിവരിച്ച സംഭവങ്ങളെ സശ്രദ്ധം ഗ്രഹിച്ചു് വൎത്തിക്കട്ടെ എന്നുമാത്രം പറഞ്ഞുകൊണ്ടു് അവസാനിപ്പിക്കുന്നു.

എഫ്. എച്ച്. എൻ.

## വിശുദ്ധ ക്ളെമെൻറ് മേരി. (തുടൎച്ച)

ആകയാൽ ക്ലെമെൻറ് ഓസ്ത്രിയായിൽനിന്നും പോലണ്ടിലേക്കു പോവുകയും തലസ്ഥാനമായ വാൎസോയിൽ താമസമാക്കുകയും ചെയ്തു. ആ രാജ്യത്തിൻെറ താല്ക്കാലികസ്ഥിതി വളരെ ശോചനീയമായിരുന്നു. പാഷണ്ഡമതം ജനതതിയെ വഷളാക്കുകയും ഫ്രഞ്ച്യകാരുടെ അവിശ്വാസം സമുദായത്തിലെ മഹാത്മാക്കളുടെ ഇടയിൽ പ്രക്ഷോഭം ഉത്ഭവിപ്പിക്കയും ചെയ്തു. എന്നാൽ ഭാഗ്യാതിരേകത്താൽ ക്രിസ്തുവിൻെറ ഒരു പ്രേഷകൻ അവിടെ വന്നുചേൎന്നു. രക്ഷാസഭയിലെ സാധുവായ ഒരു വൈദികനിൽ സൎവ്വശക്തനായ ദൈവം ഒരു പുണ്യവാനേയും ഒരു രക്ഷകനേയും അവൎക്കു നൽകി. ക്ലെമെൻറച്ചൻ തൻെറ അജക്കൂട്ടത്തിൻെറ ആദ്ധ്യാത്മിക നാശത്തെക്കുറിച്ചുള്ള നിരുപയോഗികമായ സഹതാപങ്ങൾക്കായിക്കൊണ്ടു സമയം ചെലവിടാതെ അവരുടെ പരിതാപകരമായ സ്ഥിതി നന്നാക്കുവാൻ വേണ്ട പരിശ്രമങ്ങൾ യഥാകാലത്തു ചെയ്വാൻ തുടങ്ങി. അദ്ദേഹത്തിൻെറ ചെറിയ സഖ്യത വിശുദ്ധ ബെന്നോവിൻെറ ദേവാലയത്തിൽ ഇദംപ്ര

ധമമായി സ്ഥാപിക്കപ്പെട്ടു. അദ്ദേഹത്തിന്നു് അതിലേക്കു വേണ്ടിയിരുന്ന ഉപകരണങ്ങൾ മററുള്ളവരിൽനിന്നും ദാനമായി വാങ്ങേണ്ടതാകവണ്ണം ക്ഷാമബാധ അത്രയ്ക്കു കഠിനമായിരുന്നു. ഉപജീവനംപോലും വളരെ കഷ്ടിച്ചാണു കഴിച്ചുവന്നതു്. ഒരു ദിവസം ക്ലെമെൻറച്ചനു പണത്തിനു് ഒരത്യാവശ്യം നേരിടുകയും അതിലേക്കു നിവൃത്തിമാർഗ്ഗമൊന്നുമില്ലാതെ വളരെ കുഴങ്ങുകയും ചെയ്യുന്നതിനിടയായി. അദ്ദേഹം ഉടനെ ദേവാലയത്തിൽ പോയി ദിവ്യകാരുണ്യസമക്ഷം സാഷ്ടാംഗം വീണു പ്രാർത്ഥിക്കയും സക്രാരിയുടെ വാതുക്കൽ മന്ദമായി മുട്ടുകയും ചെയ്തു. അപ്പോൾ നമ്മുടെ കർത്താവു് അദ്ദേഹത്തെ വിളിച്ചു് ഒരു നല്ല സംഖ്യ പാരിതോഷികമായി കൊടുത്തു. അതുകൊണ്ടു ക്ലെമെൻറച്ചനും പരിവാരങ്ങളും താമസിച്ചിരുന്ന ഭവനം നന്നാക്കുന്നതിനും കടങ്ങൾ എല്ലാം കൊടുത്തു തീർക്കുന്നതിനും സാധിച്ചു. അവരുടെ കപ്പേള അനന്യസാധാരണമായ ഭക്തിതീക്ഷ്ണതയ്ക്കു ഒരു ആസ്ഥാനമായിത്തീൎന്നു. അവിടെ കൂദാശകൾ സംസ്കരണം ചെയ്യപ്പെടുകയും ദൈവ വചനം പ്രസംഗിക്കപ്പെടുകയും രോഗികൾ ശുശ്രൂഷിക്കപ്പെടുകയും പാഷണ്ഡികൾ സത്യവിശ്വാസത്തിലേക്കു പ്രത്യാനയിക്കപ്പെടുകയും സാക്ഷാത്തായ ഭക്തിയുടെ അരൂപി ജനങ്ങളുടെയിടയിൽ പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തു. പോളണ്ടുകാരുടെ റഷ്യായുമായുള്ള 1794-ലെ സമരം വാർസോയിലെ അനേകം ബാലന്മാരെ അനാഥരാക്കി. അവൎക്കായിട്ടു ഒരു അനാഥശാല പണിയിക്കുവാൻ ക്ലെമെൻറച്ചൻ ധനശേഖരം ചെയ്തു സഞ്ചരിച്ച അവസരത്തിൽ ഉണ്ടായ ഒരു സംഭവം അദ്ദേഹത്തിൻെറ പുണ്യപൂൎണ്ണതയെ വിശദപ്പെടുത്തി. യാത്രാമദ്ധ്യേ വളരെപ്പേർ ഒരുമിച്ചു സ്വച്ഛന്ദഭോജനം ചെയ്തിരുന്ന ഒരു സത്രത്തിൽ പ്രവേശിക്കുവാൻ അദ്ദേഹത്തിനു സംഗതിവന്നു. അവരോടു നമ്മുടെ വിശുദ്ധൻ തൻെറ അനാഥക്കുട്ടികൾക്കു് വല്ലതുമൊരു ധനസഹായം ചെയ്യുവാൻ യാചിച്ചു. എന്നാൽ അതിനു പ്രതിഫലമായി അവരിൽ ഒരുത്തൻ അദ്ദേഹത്തിൻെറ മുഖത്തു കാർക്കിച്ചു തുപ്പുകയാണുണ്ടായതു്. പ്രശാന്തനായ ക്ലെമെൻറച്ചൻ ദിവ്യഗുരുവിനെ അനുകരിച്ചു സവിനയം ഇപ്രകാരം മറുപടി പറഞ്ഞു. "അതു് എനിക്കുള്ളതാണ്. ഇനി എൻെറ അനാഥക്കുട്ടികൾക്കു് വല്ലതും തരുന്നതിനു നിങ്ങളോടു ഞാൻ യാചിക്കുന്നു." ഈദൃശമായ വീരപുണ്യം പ്രസ്തുത കശ്മലൻെറ ഹൃദയത്തെ ആർദ്രമാക്കി. അവൻ നമ്മുടെ വിശുദ്ധനു ഒരു വലിയ പണത്തുക ദാനമായിക്കൊടുക്കുകയും കുറേക്കാലത്തിന്നു ശേഷം അദ്ദേഹത്തിൻെറ ഒരു അനുയായി ആയിത്തീരുകയും ചെയ്തു.

പോളണ്ടിലെ ജനങ്ങൾ ക്രമശഃ ക്ലെമെൻറച്ചനോടു സഹകരിച്ചു പ്രവൎത്തിക്കുകയും ഫ്രഞ്ചുവിപ്ലവകാലത്തു രാജ്യഭ്രഷ്ടരായ അനവധി വൈദികരത്നങ്ങൾ ആത്മാക്കളുടെ രക്ഷയ്ക്കായി വേല ചെയ്യുന്നതിനു സൎവ്വാത്മനാ സന്നദ്ധരായി വന്നു ചേരുകയും ചെയ്തു. ൧൮൦൨-ൽ ക്ലെമെൻറച്ചൻെറ സംഘത്തിനു ൨൭ അംഗങ്ങളുണ്ടായിരുന്നു. അവർ എല്ലാവരും വേദപ്രചാരണാർത്ഥം നിരന്തരം പരിശ്രമം ചെയ്തുവന്നു. ക്ലെമെൻറച്ചൻെറ പുണ്യപൂൎണ്ണത എല്ലാവരും അറികയാൽ നഗരങ്ങളിൽ നിന്നും നാട്ടിൻപുറങ്ങളിൽ നിന്നും അനേകസഹസ്രമാളുകൾ നമ്മുടെ വിശുദ്ധൻ മിഷ്യൻവേല നടത്തിയിരുന്ന വി. ബെന്നോമിൻെറ ദേവാലയത്തിൽ വൈദിക കൎമ്മങ്ങളിൽ ഭാഗഭാക്കുകളാകുന്നതിനു വന്നുകൂടിയിരുന്നു. കാലത്തു അഞ്ചുമണിക്കു പൊതുവായ ആത്മശോധനയുടെ ശേഷമായിരുന്നു അച്ചന്മാർ അവരവരുടെ ജോലി ആരംഭിക്കുക. ചിലർ പാപപോച്ചാരണ പീഠങ്ങളിൽ രാത്രി ആറു മണിവരെ ജോലി ചെയ്യുന്നതായിരിക്കും. ഒരു വൎഷത്തിൽ അവിടെ ദിവ്യകാരുണ്യം സ്വീകരിച്ചിരുന്നവരുടെ സംഖ്യ ഒരു ലക്ഷത്തിലധികമാണ്. സ്ഥലച്ചുരുക്കം നിമിത്തം ക്ലെമെൻറച്ചൻ പള്ളി പൊളിച്ചു വലുതാക്കി പണിയിക്കുകയും അതോടു ചേൎന്നു ഒരു കപ്പേള കൂടെ പുതുതായി സ്ഥാപിക്കുകയും ചെയ്തു. പ്രതിദിനം അവിടെ മൂന്നു പാട്ടുകുർബാനയും അഞ്ചു പ്രസംഗങ്ങളും— മൂന്നു പോലീഷ് ഭാഷയിലും രണ്ടു ജൎമ്മൻ ഭാഷയിലും

നടത്തപ്പെട്ടിരുന്നു. ഉച്ച കഴിഞ്ഞുണ്ടായിരുന്ന ചടങ്ങുകൾ ദിവ്യകാരുണ്യം പരസ്യമായി എഴുന്നള്ളിച്ചു വച്ചുകൊണ്ടുള്ള വേസ്പരയും തദനന്തരം കുരിശിൻെറ വഴിയുമാണ്. ദിവസം സാധാരണയായി പൊതുവായ സന്ധ്യാപ്രാൎത്ഥനകളോടും ആത്മശോധനയോടും വി. കുർബാനയുടെ വാഴവോടുംകൂടി സമാപിക്കയായിരുന്നു പതിവ്. ഈ ക്രമപരിപാടി വളരെ വൎഷങ്ങൾ അനുസരിക്കപ്പെട്ടു. വലിയ തിരുനാളുകളിൽ സംബന്ധിച്ചിരുന്ന ജനതതിക്കു ഒരു കയ്യും കണക്കുമില്ല. വിശിഷ്യ ഭക്തിക്കുടുത്ത ലഘുലേഖകളും ഗ്രന്ഥങ്ങളും ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്യപ്പെട്ടുകയും, അപ്രകാരം ആദിമക്രിസ്ത്യാനികളുടെ ഭക്ത്യഭിനിവേശം പുനർജ്ജീവിപ്പിക്കപ്പെടുകയും ചെയ്തു.

എന്നാൽ ഇതുകൊണ്ടൊന്നും ക്ലെമെൻറച്ചൻെറ ഭക്തിതീഷ്ണതയ്ക്കു ശമനം ഭവിച്ചില്ല. അദ്ദേഹം പോളണ്ടിലും, ജൎമ്മനിയിലും, സ്വിററ്സർലണ്ടിലും സഭാമന്ദിരങ്ങൾ സ്ഥാപിച്ചു. അദ്ദേഹത്തിൻെറ മേൽനോട്ടത്തിൽ അനേകം വൈദികർ അറിവില്ലാത്തവരെ പഠിപ്പിക്കുന്നതിനും പാപത്തിനു എതിരായി പ്രസംഗിക്കുന്നതിനും, പാഷണ്ഡമതം ഉൻമൂലനം ചെയ്യുന്നതിനും, നാനാദിഗന്തരങ്ങളിലേക്കും അയക്കപ്പെട്ടു. അവരുടെ നാമധേയം "അനുതാപപ്രസംഗികർ" എന്നായിരുന്നു.

നമ്മുടെ വിശുദ്ധൻെറ അഭാവത്തോടുകൂടി മതപീഡനമാകുന്ന കാൎമ്മേഘപടലം, വാർസോയെ ആവരണം ചെയ്തു. അവിശ്വാസം, പാഷണ്ഡമതം, ദൈവദൂഷണം, നിയമവിരുദ്ധമായ രാജ്യഭരണം, പ്രഭൃതിരക്ഷാസഭാംഗങ്ങൾക്ക് പ്രതികൂലമായി പരിവൎത്തിച്ചിരുന്നു. അവിചാരിതമായുണ്ടായ ഒരു ആവശ്യം ക്ലെമെൻറച്ചനെ അപ്പോൾ വാർസോയിലേക്കു ആനയിച്ചു. അദ്ദേഹം അവിടെ ചെന്നു ചേൎന്നപ്പോൾ പട്ടണം ഫ്രഞ്ചുകാരുടെ അധീനത്തിലായിക്കാണപ്പെട്ടു. അസാന്മാൎഗ്ഗികത്വവും, മദ്യപാനവും, ദൈവദൂഷണവും, അവിടെ ഏകച്ഛത്രാധിപത്യം വഹിച്ചിരുന്നു. മനുഷ്യസ്വഭാവത്തിൻെറ തിന്മയായ ശക്തികൾ എല്ലാവരിലും പ്രബലപ്പെടുകയും, അവയുടെ ദോഷാനുഭവങ്ങളെ നിരോധം ചെയ്വാൻ നിവൃത്തിയില്ലാതെ വരികയുംചെയ്തു. വൈദികർ നിയമവിരോധികളായ ജനങ്ങളാൽ കല്ലെറിയപ്പെടുകയും രാജനീതി അവയെക്കുറിച്ചു മൌനമവലംബിക്കയും ചെയ്തുവന്നു. നമ്മുടെ വിശുദ്ധൻെറമേൽ വ്യാജനിൎമ്മിതങ്ങളായ ദോഷാരോപണങ്ങൾ കൊണ്ടുവരികയും അദ്ദേഹത്തിൻെറ ജീവിതം ഒന്നു വ്യാപൽക്കരമായ നിലയിൽ ആക്കിത്തീൎക്കുകയുമുണ്ടായി. ഈ ആപല്ക്കരപതനം ൧൮൦൮ മിഥുനം ൨൦-ാം തീയതിയായിരുന്നു. വൈദികരും കന്യകകളും ഈയിടെ ഫ്രാൻസിൽ ഉണ്ടായപോലെ ഗവമ്മെൻറു സൈന്യങ്ങളാൽ ബഹിഷ്കരിക്കപ്പെട്ടു. ഗവമ്മെൻറുദ്യോഗസ്ഥന്മാർ തന്നെ ജനങ്ങളുടെ അദ്ധ്യാത്മികസംഗതികൾ നടത്തുകയും, വൈദികരുടെ രക്ഷാമാൎഗ്ഗങ്ങൾ എല്ലാം നിരോധിക്കപ്പെടുകയും ചെയ്തു. മതത്തെ പൊതുവിലും, കത്തോലിക്കമതത്തെ പ്രത്യേകിച്ചും ദ്വേഷിക്കുന്ന ഒരു വക നാസ്തികരുടെ ഈദൃശമായ പ്രവൎത്തികൾ കണ്ടു പരിശുദ്ധനായ ക്ലെമെൻറച്ചൻ ഹാർദ്ദവമായി വ്യസനിച്ചു. ഈ ഘട്ടമാണ് അദ്ദേഹത്തിൻെറ ജീവിതത്തിലെ ഏററം നിർഭാഗ്യഘട്ടം. മതപീഡനരാക്ഷസൻെറ ഭയങ്കരമായ ഈ പ്രഹരം രക്ഷാസഭക്കാർ വിശ്വാസത്തോടും സ്വയം പരിത്യാഗത്തോടും കൂടെ സഹിച്ചു. ക്ലെമെൻറച്ചൻ അവരെ "യജമാനനെക്കാൾ വലിയ ദാസനുണ്ടാവാൻ പാടില്ലെന്നും, അവരുടെ സുസ്ഥിരമായ മതതീഷ്ണതയ്ക്കും, ഭക്തിക്കും സൎവ്വജ്ഞനായ ദൈവം സാക്ഷിയാണെന്നും അദ്ദേഹം അവൎക്കു സ്വൎഗ്ഗത്തിൽ തക്കതായ സമ്മാനം നൽകാതിരിക്കയില്ലെന്നും" മററുമുള്ള സാന്ത്വനവാക്കുകളാൽ അവരെ സമാശ്വസിപ്പിച്ചു. വൈദികരെ ഗവമ്മെൻറുദ്യോഗസ്ഥന്മാർ രാജ്യാതൃത്തികളിലേക്ക് നയിക്കപ്പെടുകയും അവിടെ അവൎക്കു പാസ്പോർട്ടു കൊടുത്ത് രാജ്യത്തുനിന്നും നിശ്ശേഷം ബഹിഷ്കരിക്കപ്പെടുകയുംചെയ്തു. നമ്മുടെ വിശുദ്ധനോ എന്നാൽ അവരെ ഓരോരുത്തരെയും ആലിംഗനം ചെയ്തുകൊണ്ട് അവരു

ടെ ദൈവവിളി അനുസരിച്ചു ജീവിക്കുന്നതിനു മനസ്സുപൂർവ്വം അവരെ ഉപദേശിച്ചു. ഛിന്നഭിന്നമാക്കപ്പെട്ട ഈ സഭ മേലാൽ ഒരിക്കലും ഇഹത്തിൽവച്ചു സമ്മേളിക്കയുണ്ടായിട്ടില്ല. (തുടരും.)

ക്രൂ. സ്കറിയാ ശ.

# അന്തകൻെറ ചില തന്ത്രങ്ങൾ.

## പിന്നീട്ട കുമ്പസാരിക്കാം.

പാപിയായ ഒരാൾ പാപസങ്കിർത്തനാനന്തരം ദൈവേഷ്ടപ്രസാദം കൈക്കൊണ്ടു എന്നു വിചാരിക്കാം. പിശാചു വീണ്ടും അവനെ പരീക്ഷിക്കുന്നതിനു മടിക്കുന്നില്ല. അവൻ അതിനു പൂർണ്ണ മനസ്സോടെ സമ്മതിക്കുന്നില്ല എന്നു വരികിലും വലിയ തേങ്ങലുള്ളവനായി പരിണമിക്കുന്നതു സാധാരണമാണല്ലൊ. ഓ! സാധുമനുഷ്യാ! നിൻെറ പരമശത്രുവിൻെറ കണികളിൽനിന്നു വിമുക്തനാകുന്നതിനു നീ സംശയിക്കുകയോ? ഇഹത്തിലുള്ള സകല വസ്തുക്കളേയുംകാൾ ഏററവും അമൂല്യമായ ദൈവേഷ്ടപ്രസാദം നഷ്ടമാക്കാൻ നീ മനസ്സാകുന്നോ? നിൻെറ നിത്യനാശവിധിത്തീർപ്പു നീതന്നെ എഴുതി നരകാഗ്നിക്കുണ്ഡിൽ പെട്ടവാൻ തുനിയുകയോ? എന്നിപ്രകാരം തൻെറ അന്തരംഗത്തിലുളവാകാവുന്ന സച്ചിന്തകൾക്കുള്ള പ്രത്യുത്തരമെന്തെന്നു നോക്കുക. "എന്നെ ഒരു നാളും ഞാൻ നിത്യനാശത്തിനു വിധിക്കുന്നതല്ല. പാപംചെയ്യുന്ന പക്ഷംവീണ്ടും കുമ്പസാരിക്കാമല്ലൊ."

ഇതാ! പിശാചിനാൽ ഉപദേശിക്കപ്പെടുന്ന മായാമോഹങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്തവ ഒന്ന് ഇതുതന്നെ. പിന്നീട്ട കുമ്പസാരിക്കാമെന്നു നീ വിചാരിക്കുന്നു. അതിനവസരം ലഭിക്കാതെ കാലഗതിയെ പ്രാപിക്കുന്ന പക്ഷം നിൻെറ സ്ഥിതി എന്തായിരിക്കുമെന്നു വിചാരിക്കാത്തതെന്ത്? നിൻെറ കൈവശമുള്ള ഒരായിരം ഉറുപ്പിക സമുദ്രത്തിൽ വലിച്ചെറിഞ്ഞുകളഞ്ഞശേഷം അതു പിന്നീട്ട തേടി എടുത്തുകൊള്ളാമെന്നു വിചാരിക്കുന്നുവെങ്കിൽ അതിൽപരം മൌഢ്യം എന്താണുള്ളത്? നീ ഇപ്പോൾ വിചാരിക്കുന്നതു ഇതുതന്നെയല്ലയോ? ദൈവേഷ്ടപ്രസാദം കുമ്പസാരത്താൽ ലഭിക്കണമെങ്കിൽ മനസ്താപം അത്യന്താപേക്ഷിതമാണ്. ഈ മനസ്താപം സർവ്വേശപരൻെറ ഒരനുഗ്രഹംമാത്രമാണ്. അദ്ദേഹത്തിൻെറ ഈ അനുഗ്രഹംലഭിക്കുമെന്നതിനെന്തു ലക്ഷ്യം? ഇതിനൊന്നും ഇടവരാതെ നീ കാലധർമ്മത്തെ പ്രാപിക്കാനും പാടില്ലയോ? ഒരാഴ്ചക്കകം കുമ്പസാരിക്കാം എന്നു നീ വിചാരിക്കുന്നു. ഈ ഒരാഴ്ച നിനക്കു തരാമെന്നു ആരു പറയുന്നു. ഇല്ല. നാളെത്തന്നെ ഞാൻ കുമ്പസാരിക്കുന്നതാണ്. ഇതിനു വിശുദ്ധ അഗുസ്തീനോസു പറയുന്ന മറുപടി എന്തെന്നു നോക്കുക. ദൈവം നാളത്തെ ദിവസം കൊടുക്കാമെന്നു ആരോടും വാഗ്ദാനം ചെയ്തിട്ടില്ല. ഈ ദിവസം കിട്ടിയെന്നും കിട്ടിയില്ലെന്നും വന്നേക്കാം. സസുഖം നിദ്രയ്ക്കു പോയവരിൽ എത്രയോ ആളുകളേയാണ് പ്രഭാതത്തിൽ നിർജ്ജീവന്മാരായി കണ്ടുമുട്ടിയിട്ടുള്ളത്. പാപം ചെയ്ത മാത്രയിൽതന്നെ ദൈവനീതിയാൽ വിധിക്കപ്പെട്ട ആളുകളും ചുരുക്കമല്ല. നിനക്കും ഇതുതന്നെ സംഭവിക്കാൻ പാടില്ലയോ? പിന്നീട്ട കുമ്പസാരിച്ചുകൊള്ളാമെന്നുള്ള ചതിയാൽ എത്ര ക്രിസ്ത്യാനികളേയാണ് അന്തകൻ നരകത്തിൽ കൂട്ടിക്കൊണ്ടുപോയിട്ടുള്ളതെന്നതിനു ഒരു കണക്കും കൈയ്യുമില്ല.

ഇപ്പോൾ (ഈപ്രായത്തിൽ) പരീക്ഷകളെ വിജയകരമാംവണ്ണം തടയുന്നതിനു മനക്കരുത്തില്ല:— ഇതുതന്നെയാണ് പിശാചിൻെറ രണ്ടാമത്തെ ചതി. നിൻെറ ശരീരത്തിൻെറ വഞ്ചനകൾക്കു വശംവദനാകാതെ ഇരിക്കുന്നതു അസാധ്യം എന്നു വിചാരിക്കുന്നു എങ്കിൽ അതു എത്രയോ വലിയ ജളത്വം. നമ്മുടെ ശ

ക്തികൾമേൽ അന്തരമായ പരീക്ഷകളാൽ നാം പരീക്ഷിക്കപ്പെടുവാൻ പരമദയാലുവായ ദൈവം അനുവദിക്കുന്നതല്ലായെന്നു നമ്മുടെ കർത്താവീശോമിശിഹായുടെ പ്രേഷകന്മാർ നമ്മെ പഠിപ്പിക്കുന്നു. ഇതിനുംപുറമെ ഇപ്പോൾ നിനക്കു ശക്തിയില്ലാത്ത സ്ഥിതിക്കു പിന്നീടു അതു ഏതു പ്രകാരം ഉണ്ടാകുമെന്നു നീ വിചാരിക്കുന്നു. ദിവസങ്ങൾ കഴിയുന്തോറും നവംനവങ്ങളായ പാപങ്ങളാൽ നിന്നെ പരീക്ഷിക്കുന്നതിനു പിശാചു ഒരിക്കലും ഉദാസീനനായിരിക്കുന്നതല്ല. അപ്പോൾ നിന്റെ മനഃശക്തി സീമാതീതമായി ക്ഷയിച്ചിരിക്കുന്നതിനാൽ ശത്രുവിനു നിഷ്പ്രയാസം നിന്നെ പരാജിതനാക്കുവാൻ സാധിക്കുന്നതുമാണ്. ചെററസ്സു പിടിച്ചതി കെടുത്താൻ ത്രാണിയില്ലാത്ത ഒരാൾ അതു പടന്നു പൂർവ്വാധികം ശക്തിയോടുകൂടി മേൽപ്പുരസ്സു പിടിക്കുമ്പോൾ എങ്ങനെ അതിനെ തടയും. ഒരുപക്ഷെ ദൈവാനുഗ്രഹം കൂടുതലായി അപ്പോൾ ഉണ്ടാകുമെന്നു വിചാരിക്കാം. എന്നാൽ അതും നീ നിരവധി പാപത്തിൽ വീണതിന്റെ ശേഷമല്ലല്ലൊ. കൂടുതലായി ദൈവാനുഗ്രഹവും ശക്തിയും നിനക്കു അത്യന്താപേക്ഷിതമാണെങ്കിൽ എന്തുകൊണ്ടു ദൈവസഹായമപേക്ഷിക്കാത്തതു്? ചോദിക്കുവിൻ തരപ്പെടുമെന്നരുളിച്ചെയ്ത അദ്ദേഹത്തിന്റെ വാക്കിനെ എന്തിനു നീ സംശയിക്കുന്നു. നാം ശരിയായപേക്ഷിക്കുന്നപക്ഷം സർവ്വശക്തനായ സർവ്വേശ്വരൻ സകലതും നമുക്കു തരുന്നതാണ്.

## ദൈവംകരുണാനിധിയാണ്.

പിശാചിന്റെ തന്ത്രങ്ങളിൽ മൂന്നാമത്തേതു ഇതുതന്നെ. ദൈവനീതിയാൽ ശിക്ഷിക്കപ്പെടുന്ന ആളുകളേക്കാൾ അധികം പേർ അദ്ദേഹത്തിന്റെ കരുണ ഹേതുവാൽ നരകത്തിൽ വീഴുവാൻ കാരണമാകുന്നു. എന്തുകൊണ്ടെന്നാൽ അനവധി ആളുകൾ അദ്ദേഹത്തിന്റെ പരമകാരുണ്യത്തിൽ കേവലം വിവേകശൂന്യമായ വിധത്തിൽ ശരണപ്പെട്ടു നിർബാധം പാപമാർഗ്ഗത്തിൽ തങ്ങളുടെ ജീവിതത്തെ ആനയിക്കുന്നതിനു ശങ്കാവിഹീനന്മാരായി കാണപ്പെടുന്നു.

സർവ്വേശ്വരൻ പരമകാരുണികൻ എന്നതു ആരു നിഷേധിക്കുന്നു. എങ്കിലും അദ്ദേഹം സർവ്വത്ര നീതിമാനാണെന്നുള്ള പരമാർത്ഥവും വിസ്മരിക്കത്തക്കതല്ല. ഈ ഏകകാരണത്താൽ തന്നെ പാപം ചെയ്യുന്നവരെ യഥാവിധി ശിക്ഷിക്കുവാൻ അദ്ദേഹം നിർബന്ധിതനാകുന്നു. ദൈവപ്രമാണങ്ങളെ ഭയഭക്തിയോടെ കാത്തു ശുദ്ധജീവിതം കഴിക്കുന്നവരോടു സർവ്വേശ്വരൻ സർവ്വഥാ പരമകാരുണികൻ തന്നെ. പിന്നീടു മനസ്താപപ്പെട്ടുകൊള്ളാമെന്നു കാലേക്കൂട്ടി കരുതി തന്റെ അന്തരംഗത്തിലുളവാകുന്ന ഈശ്വരസ്വരത്തെ കേവലം തൃണവൽഗണിച്ച് ശരീരത്തിന്റെ മൃഗതുല്യമായ ആഗ്രഹങ്ങൾക്കു ഒരു അടിമയായി പ്രവർത്തിക്കുന്നവൻ, ദൈവാനുഗ്രഹത്തെ പരിഹാസപാത്രമാക്കുവാൻ ശ്രമിക്കുന്ന ഒരാൾ തന്നെ എന്നതിനു സംശയം ലവലേശമില്ല. ദൈവകല്പനകളെയും മററും കേവലം വിസ്മരിച്ചു തന്റെ അഭിലാഷത്തിനൊത്തവണ്ണം ജീവിച്ചതിന്റെ ശേഷം സർവ്വേശ്വരന്റെ കരുണാധിക്യത്താൽ സ്വർഗ്ഗം തനിക്കു കിട്ടുമെന്നു ശരണപ്പെടുന്ന ആളിനെ ഏതു് നാമത്താലഭിവാദനം ചെയ്യണമെന്നു എനിക്കറിഞ്ഞുകൂടാ.

“ഇതേവരെ എന്നോടു പരമദയാലുവായി പെരുമാറിയ ദൈവം എന്നെ ശിക്ഷിക്കുമെന്നു എങ്ങനെവിശ്വസിക്കും.? സർവ്വേശ്വരൻ ഇതേവരെ നിന്നോടു സീമാതീതമായി വർത്തിച്ച ഏക കാരണത്താൽ തന്നെ നീ അതിരററവിധം ഭയവിഹ്വലനാകേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഓരോ പാപികളുടെയും ഇത്ര പാപം വീതം പൊറുക്കുമെന്നു ദൈവം നിശ്ചയിച്ചിട്ടുള്ളതിനാൽ നീ ആ അതിരിൽ സമീപിച്ചിട്ടില്ലയോ എന്നു വളരെ സംശയിക്കേണ്ടിയിരിക്കുന്നു. അതല്ലാതെ ഞാനിതേവരെ പാപം ചെയ്തിട്ടും ഒരാപത്തും സംഭവിച്ചില്ലല്ലൊ. അതുകൊണ്ട് എനിക്കു ഇനിയുമാകാം, എന്ന മിഥ്യാബോധത്തോടുകൂടി നിന്റെ ജീവിതത്തെ നയിക്കുന്നപക്ഷം നിന്റെ മേലുള്ള ദൈവകോപം ഏററം കഠിനവും ഭയങ്കരവും ആയിരിക്കുന്നതുമാണ്.

### ഇപ്പോൾ ചെറുപ്പം.

ഇപ്പോൾ ഞാൻ ചെറുപ്പം. പ്രായം ചെല്ലുമ്പോൾ ഏററവും ജാഗ്രതയോടുകൂടി പുണ്യജീവിതം കഴിച്ചുകൊള്ളാം. അനവധി യുവാക്കന്മാരെ നരകപാതാളത്തിലേക്കു നയിക്കുന്ന ഒരു വിസ്താരമേറിയ പാന്ഥാവാണ് ഈ വിചാരം. നീ ചെറുപ്പം; ശരി എന്നാൽ സർവ്വേശ്വരൻ ഒരാൾ ശിക്ഷാർഹനോ സമ്മാനാർഹനോ എന്നു വിധിക്കുന്നതിന്നുപയോഗിക്കുന്ന മാനദണ്ഡം അയാളുടെ ആയുസ്സിന്റെ ദൈർഘ്യമല്ല. പ്രത്യുത പാപപുണ്യങ്ങളാണെന്നുള്ള വസ്തുത ഒരിക്കലും വിസ്മരിക്കത്തക്കതല്ല. നീ ചെറുപ്പമാണെങ്കിലും എണ്ണത്തിലും വണ്ണത്തിലും നിന്റെ പാപങ്ങൾ എത്ര കഠിനതരം. നിന്റെ ജീവിതത്തോടു വൃദ്ധന്മാരുടെ ജീവിതത്തെ തുലനം ചെയ്യുന്നപക്ഷം അവരിൽ എത്രപേർ വലിയ പരിശുദ്ധന്മാർ. ആയതുകൊണ്ടു കഴിഞ്ഞ ജീവതത്തിൽ നിർഭാഗ്യവശാൽ വളരെ പ്രാവശ്യം സർവ്വലോകസൃഷ്ടികർത്താവായ സർവ്വേശ്വരനെ ഉപദ്രവിച്ചിട്ടുണ്ടെന്നു തോന്നുന്നപക്ഷം, ജീവിതത്തിൽ ശേഷിച്ചിരിക്കുന്ന ഭാഗത്തിൽ ഒരു വിനാഴികപോലും വൃഥാ വ്യയംചെയ്യാതെ ഏററം ശുഷ്കാന്തിയോടുകൂടിയുണന്ന് പാപപരിഹാരാർത്ഥം പ്രയത്നിപ്പിൻ.

റവ: ജോസഫ് വാച്ചാപറമ്പിൽ.

## നമ്മുടെ പിതാവു് മാർ തോമ്മാ ശ്ലീഹായുടെ ചരിത്രസംക്ഷേപം. (തുടർച്ച)

പാലയൂർ അഥവാ പാലൂർ അന്ന് ബ്രാഹ്മണരുടെ ഒരു പ്രധാന ഗ്രാമമായിരുന്നു. അവിടെവച്ച് വി. ശ്ലീഹാ ഒരിക്കൽ അമ്പലക്കുളത്തിൽ സ്നാനം ചെയ്തുകൊണ്ടിരുന്ന ബ്രാഹ്മണരോട് വെള്ളം കോരിയെടുക്കുന്ന ഭാഗത്തു കുഴി കാണിക്കയും മേൽപ്പോട്ട് എറിയുന്ന വെള്ളം ആകാശത്തിൽ നിറുത്തുകയും ചെയ്യുന്നതിന്നു അവർക്കു സാധിക്കുമോ എന്നു ചോദിച്ചു. അപ്പോൾ അവർ പറഞ്ഞതായത്:— നിനക്ക് അതു സാദ്ധ്യമാണെങ്കിൽ നീ ഉപദേശിക്കുന്ന വേദം സത്യമെന്ന് ഞങ്ങൾ വിശ്വസിക്കാം. വി. ശ്ലീഹാ വെള്ളം കോരി മേല്പോട്ടെറിഞ്ഞു. അത്ഭുതമായി വെള്ളം എടുത്ത സ്ഥലം കുഴിഞ്ഞു കിടക്കയും എറിഞ്ഞ വെള്ളം ഇടവിതാനത്തിൽ നിൽക്കയും ചെയ്തു. ഈ അത്ഭുത സംഭവം കണ്ട് നമ്പൂരിമാരിൽ പലരും ക്രിസ്തുമതം അനുസരിക്കയുണ്ടായി. വി. ശ്ലീഹാ താൻ മുമ്പു പ്രസംഗിച്ചിരുന്ന പശ്ചിമതീരങ്ങളിൽനിന്ന് ചോഴമണ്ഡല പ്രദേശങ്ങളടങ്ങിയ പൂർവ്വതീരങ്ങളിലേക്കു പോയി. "കല്ലമീന"എന്നു പറയപ്പെടുന്ന സ്ഥലത്ത്, മൈലാപ്പൂർ ഗ്രാമത്തിൽ നിന്നും ഉദ്ദേശം ൧൦ നാഴിക ദൂരം കടലോരത്തിൽ ഒരു ബ്രഹ്മാണ്ഡമായ തടി വന്നടുത്തു. അവിടത്തെ നാടുവാഴി ആ തടിയെടുത്തു പയോഗയുക്തമാക്കുന്നതിന്നു ഭഗീരഥപ്രയത്നം കഴിച്ചിട്ടും സാധിച്ചില്ല. ശ്ലീഹാ ഇതറിഞ്ഞു, മേൽപറഞ്ഞ തടി ഒരു ദേവാലയത്തിനായി അനുവദിച്ചുതരുന്ന പക്ഷം നിഷ്പ്രയാസം കയററിക്കൊള്ളാമെന്നു പറഞ്ഞു. ഇതൊരിക്കലും സാധിക്കയില്ലെന്നു കരുതി നാടുവാഴി അനുവദിക്കയും ചെയ്തു. നമ്മുടെ പിതാവു് തടി കിടന്ന സ്ഥലത്തുചെന്നു തന്റെ ഇടക്കെട്ട് എടുത്തു കെട്ടി സ്ലീവായുടെ അടയാളം വരച്ചു തടി പട്ടണത്തിൽ വലിച്ചുകൊണ്ടുവന്നു. വേറൊരവസരത്തിൽ ഈ പുണ്യവാൻ ചെയ്തു അത്ഭുതം പലരെയും ഭയപ്പെടുത്തിക്കളഞ്ഞു. എന്തെന്നാൽ നിരണത്തിനടുത്തുള്ള തൃക്പാലേശ്വരം എന്ന സ്ഥലത്തു ദുർമ്മാർഗ്ഗയായ ഒരു വിധവക്ക് ആരിൽ നിന്നോ ഒരു പുത്രൻ ജനിച്ചു. അപമാന പരിഹാരത്തിനായി അതിന്റെ മാതാവു് ആ പൈതലിനെ കൊന്നുകളഞ്ഞു. നമ്മുടെ പിതാവിന്റെ

നേരെ ദ്വേഷമുള്ളവരും, വേദപ്രസംഗത്തിൽ വിമുഖന്മാരായ ബ്രാഹ്മണരും കൂടി ഒന്നുചേൎന്നു സന്യാസവേഷം ധരിച്ചവനും സാധുവുമായ തോമ്മായാണ് അക്രമമായ ഈ ക്രൂരകൃത്യത്തിന്നു കാരണക്കാരൻ എന്നു പ്രസിദ്ധപ്പെടുത്തി. സ്ത്രീയുടെ കാരണവന്മാരും ശേഷം കൂട്ടരും നമ്മുടെ പിതാവിന്നെതിരേ വന്നു വശായി. ആ ദിവ്യ മനുഷ്യൻ ഇവരുടെ ഭീഷണിമേൽ ഭയപ്പെടാതെ കൊല്ലപ്പെട്ട ശിശുവിൻെറ പ്രേതം കൊണ്ടുവരുന്നതിനു ആജ്ഞാപിച്ചു. അതിന്നടുത്തുചെന്നു ദൈവനാമത്തിൽ, നിന്നെ കൊന്നതാരാണെന്നു എന്നോടു പറക, എന്നു പുണ്യവാൻ ചോദിച്ചു. ചത്തു കിടന്ന ശവം ഉയൎത്തു അതിൻെറ പിതാവു ഇന്നയാളാണെന്നും, കൊന്നതു് അമ്മ തന്നെയാണെന്നും ഉച്ചത്തിൽ പറഞ്ഞു. നമ്മുടെ പുണ്യവാനെ വട്ടത്തിലാക്കുന്നതിന്നു വന്നവരശേഷം ലജ്ജിച്ചു പിൻമടങ്ങുകയാൽ അങ്ങേ ശത്രുക്കളുടെ ദ്വേഷം ഒട്ടൊക്കെ ശമിക്കയും ചെയ്തു. ഈ വിശുദ്ധൻ കണ്ണൂർ മുതൽ കൊല്ലംവരെ വിസ്തീൎണ്ണമായിക്കിടക്കുന്ന കടൽത്തീരം സംബന്ധിച്ച പല ഗ്രാമങ്ങളിലും ചുററിനടന്നു വേദംപ്രസംഗിക്കയും അനേക സഹസ്രംആളുകളെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തതായി ചരിത്രക്കാർ പറയുന്നു. വി. തോമ്മാശ്ലീഹാ ജ്ഞാനസ്നാനപ്പെടുത്തിയതിൽ വലിയ ഒരു ഭാഗവും ഉയൎന്ന വംശജന്മാരായ ബ്രാഹ്മണരും, ക്രിസ്ത്വാബ്ദത്തിനു മുമ്പായി മലങ്കരയിൽ കച്ചവടത്തിന്നായും മററും വന്നു താമസം ഉറപ്പിച്ചിരുന്ന യഹൂദന്മാരും ആകുന്നു. ഇവൎക്കു് തോമ്മാനസ്രാണികൾ എന്നും നസ്രാണികൾ എന്നുമുള്ള പേരു വളരെ പൂൎവ്വികമായി സിദ്ധിച്ചിട്ടുള്ളതാണ്.

വി. തോമ്മാ മലയാളത്തിൽ വേദം പ്രസംഗിക്കുന്ന കാലത്തു തന്നെയാണ് ദൈവജനനിയായ പരിശുദ്ധ മറിയത്തിൻെറ മരണം സംഭവിച്ചതു്. മരണാസന്നയായ പരിശുദ്ധ മറിയത്തിൻെറ കിടക്കയിങ്കൽ വി. തോമ്മാശ്ലീഹാ ഒഴികെ എല്ലാ ശിഷ്യന്മാരും ഉണ്ടായിരുന്നു എന്നാണ് പാരമ്പൎയ്യ വൎത്തമാനം. ദൈവ അരുളപ്പാടനുസരിച്ചു് നമ്മുടെ പിതാവും എപ്പേസോസിലേക്കു പുറപ്പെട്ടുവെങ്കിലും പരിശുദ്ധ കന്യക മരിച്ചിട്ടു് മൂന്നാം ദിവസം മാത്രമേ സ്ഥലത്തു എത്തുന്നതിനു സാധിച്ചൊള്ളു. ഈ പരിശുദ്ധനു ദൈവമാതാവിനെ കാണണമെന്നുള്ള അത്യാശയാൽ പരിശുദ്ധ ജനനി സംസ്കരിക്കപ്പെട്ട കുഴിമാടം തുറക്കുന്നതിനിടയായി. അപ്പോൾ ആ കുഴിമാടത്തിൽ കുറെ ലിലിപ്പുഷ്പങ്ങൾമാത്രം കാണപ്പെട്ടതല്ലാതെ വിശുദ്ധ മറിയത്തിൻെറ ശരീരം ഇല്ലായിരുന്നു. തൻെറ തിരുക്കുമാരൻ നൽകിയ പ്രത്യേക വരത്താൽ ഈ വിശുദ്ധ അമ്മയും മരിച്ചിട്ടു് മൂന്നാംനാൾ ആത്മശരീരത്തോടേ ആകാശത്തിലേക്കു ഉയൎത്തപ്പെട്ടുവെന്നു് എല്ലാവരും കണ്ടു ബോധിക്കയും ചെയ്തു. നമ്മുടെ കൎത്താവിൻെറ പുനരുത്ഥാനത്തിൽ വി. ശ്ലീഹാ പ്രദൎശിപ്പിച്ച അവിശ്വാസം കാരണമാണ് ഇദ്ദേഹത്തിനു പരിശുദ്ധ നായികയെ ജീവനോടേ കാണുന്നതിനു സാധിക്കാഞ്ഞതെന്നു ചില ശാസ്ത്രജ്ഞന്മാർ പറയുന്നുണ്ടു്. എങ്കിലും ദൈവജനനിയുടെ പുനരുത്ഥാനത്തെയും ആകാശത്തിലേക്കുള്ള കരേററത്തെയും സ്ഥിരീകരിക്കുന്നതിനുള്ള ഭാഗ്യവും നമ്മുടെ പിതാവിന്നുണ്ടായി. തന്നെയുമല്ല, പരിശുദ്ധ മറിയം ഈ പുണ്യവാനു പ്രത്യക്ഷയായി ഒരു ഇടക്കെട്ടു് ഇദ്ദേഹത്തിന്നു നൽകിയെന്നും ആ ഇടക്കെട്ടാണ് തടി കയററുന്നതിനു ഉപയോഗിച്ചതെന്നും ഐതിഹ്യമുണ്ടു്. പരിശുദ്ധ ജനനിയുടെ കുഴിമാടം സന്ദൎശിച്ചശേഷം വിശുദ്ധ തോമ്മാശ്ലീഹാ വീണ്ടും മലയാളത്തു വരികയും വേദം പ്രസംഗിക്കയും ചെയ്തു. കൂടാതെയും അദ്ദേഹം ചൈനാ, ജാപ്പാൻ മുതലായ രാജ്യങ്ങളിലും ദീൎഘപ്രയാണംചെയ്തു സുവിശേഷം അറിയിക്കയും അനേകരെ സത്യസഭയിൽ ചേൎക്കയും ചെയ്തിട്ടുണ്ടു്. തൻെറ പ്രസംഗം സ്വീകരിച്ച് ക്രിസ്ത്യാനികളുടെ ഇടയിൽ പ്രധാനികളും വിശ്വാസത്തിൽ സ്ഥിരമുള്ളവരും എന്നു ബോധ്യമായിട്ടുള്ളവരെ വൈദികരായും, മെത്രാന്മാരായും അഭിഷേകം ചെയ്തിട്ടുണ്ടായിരുന്നു. അനേക പള്ളികളെ സ്ഥാപിച്ചിട്ടുണ്ടു്. സ്വകരങ്ങളാൽ തന്നെ പല കുരിശുകൾ തീൎത്തു് പ്രത്യേക സ്ഥലങ്ങളിൽ താൻ പ്രതി

ക്ഷിച്ചിട്ടുണ്ടു്. പൊതുവിൽ പറയുന്നതായാൽ കിഴക്കൻ പള്ളികളുടെ ഗണത്തിൽ ചേർന്നിട്ടുള്ള മലങ്കര ക്രിസ്ത്യാനികൾക്ക് ഈ വിശുദ്ധ ശ്ലീഹാമൂലം ഉണ്ടായിട്ടുള്ള ഗുണങ്ങൾ അസംഖ്യങ്ങളാണ്. നമ്മുടെ പിതാവിന്റെ കടശികാലത്തെ ബുദ്ധിമുട്ടുകൾ മൈലാപ്പൂരിൽത്തന്നെയായിരുന്നു. വേദവിരോധികളിൽ നിന്നും അദ്ദേഹം സഹിച്ചിട്ടുള്ള ഉപദ്രവങ്ങളും ചില്ലറയല്ല. കല്ലമീനാ എന്ന സ്ഥലത്തുള്ള ബ്രാഹ്മണർ കള്ളദേവതകളെ ആരാധിക്കുന്നതിനു ഈ വി. ശ്ലീഹായെ നിർബന്ധിച്ചിട്ടുണ്ട്. ഒരിക്കൽ താൻ പതിവായി പ്രാർത്ഥിച്ചിരുന്ന ഒരു ഗുഹയിൽ വച്ച് ഒരു ബ്രാഹ്മണൻ തന്നെ കുന്തംകൊണ്ടു കുത്തി മുറിപ്പെടുത്തി കാലഗതിയെ പ്രാപിപ്പിക്കയാണു ചെയ്തതു്. ഇങ്ങനെ മ്ശിഹാ പിറന്നിട്ട് ൭൨ാംകാലം ജൂലായിമാസം ൩ാംതീയതി നമ്മുടെ പരിശുദ്ധപിതാവ് ദീർഘകാലത്തെ സുവിശേഷ അറിയിപ്പിന്റെ ശേഷം നൂറിരട്ടിയായിട്ടുള്ള സ്വർഗ്ഗീയ സമ്മാനത്തിനായി തന്റെ ദിവ്യ ഗുരുവിന്റെ പക്കലേക്കു പോവുകയുംചെയ്തു. ഇദ്ദേഹം മൃതനായി എന്നറിഞ്ഞു ക്രിസ്ത്യാനികൾ തൽസ്ഥലത്തെത്തി തന്റെ ശരീരം എടുത്തു പരിമളങ്ങൾ പൂശി പൂജ്യമായി മൈലാപ്പൂരിൽത്തന്നെ സംസ്കരിക്കയും ചെയ്തു. അനേകം അത്ഭുതങ്ങൾ അങ്ങേ കുഴിമാടത്തുങ്കൽ സംഭവിച്ചിട്ടുണ്ടു്.

(തുടരും.)

ഫാദർ ഹില്ലാര്യോൻ സി. ഡി.

## പരിശുദ്ധന്മാരോടുള്ള മാദ്ധ്യസ്ഥപ്രാർത്ഥന.

മരിച്ചവരേക്കുറിച്ചുള്ള പ്രാർത്ഥനപോലെ സ്വാഭാവികവും തന്മൂലം പാപരഹിതവുമായിട്ടുള്ള ഒന്നാണ് പരിശുദ്ധന്മാരോടു നാം അപേക്ഷിക്കുന്നതു്. അതു് അവർ ദൈവസ്നേഹിതന്മാരായതുകൊണ്ടാണ്. ദൈവത്തെ അവരുടെ ജീവിതകാലത്തിൽ സദാ ഓർക്കയും വിചാരത്തിലും വചനത്തിലും സർവ്വോപരി പ്രവൃത്തി വഴിയായും തന്നെ ഹൃദയപൂർവ്വം സ്നേഹിക്കയും സേവിക്കയും ചെയ്തവരാകുന്നു. പുണ്യവാന്മാരെ രണ്ടു വലിയ ഭാഗമായി വേർതിരിക്കാം. വേദസാക്ഷികൾ എന്നും, വേദാനുസാരികൾ എന്നും നാമകരണം ചെയ്യാം. വേദസാക്ഷികൾ എന്നു പറയുന്നവർ, ദൈവസ്നേഹത്തെക്കുറിച്ച് തങ്ങളുടെ ജീവനെ മനുഷ്യരുടെമുമ്പാകെതന്നെ ബലി കഴിച്ചവരാകുന്നു. വേദാനുസാരികളോ എന്നാൽ അവരുടെ ജീവിതകാലത്തെ ദൈവതിരുമുമ്പാകെ തനിക്കിഷ്ടമാംവണ്ണം ചിലവഴിക്കയും, തങ്ങളുടെ ഇഷ്ടത്തെ അശേഷം വകവെയ്ക്കാതെ ശാരീരികജീവനെ ഒരുവിധത്തിൽ ഉപേക്ഷിച്ചവരെപ്പോലെ തങ്ങളുടെജീവനെ സദാ ബലി കഴിക്കയും ചെയ്തിരുന്നവരാകുന്നു. ഇരുകൂട്ടരും ദൈവത്തെ ഹൃദയപൂർവ്വം ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യുന്നു. ഇപ്രകാരമുള്ളവരെ നാം സ്നേഹിച്ചു ബഹുമാനിക്കയും അവരോടു പ്രാർത്ഥിക്കയും ചെയ്യുമ്പോൾ നാം ദൈവത്തെത്തന്നെയല്ലയോ സ്നേഹിക്കയും ബഹുമാനിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നതു്. ദൈവത്തെ അവർ സേവിച്ചിരുന്നതിനാലല്ലയോ അവർ ദൈവസ്നേഹിതന്മാരായിത്തീർന്നതും തന്മൂലം നമ്മുടെ സ്നേഹബഹുമാനങ്ങൾക്ക് അർഹന്മാരായിത്തീർന്നതും. ദൈവസ്നേഹിതന്മാരെ നാം ബഹുമാനിക്കുന്നതുകൊണ്ടു ദൈവത്തിന്നിഷ്ടക്കേടു വരുന്നതു എങ്ങിനെ? പാപകരമാകുന്നതെങ്ങിനെ? പാപകരമാകുന്നെങ്കിൽ നിശ്ചയമായിട്ടു അവർ ദൈവസ്നേഹികളല്ലല്ലോ. വിശുദ്ധന്മാരോടുള്ള പ്രാർത്ഥന പാപരഹിതം എന്നുതന്നെയല്ലാ നമുക്കാവശ്യമായിട്ടുള്ളതും കൂടിയാകുന്നു. പ്രാർത്ഥന നമുക്കാവശ്യമാണെന്നുള്ള കാര്യം സർവ്വസമ്മതവും പ്രതിപാദിതവിഷയവുമല്ലല്ലൊ. എന്നാൽ പ്രാർത്ഥനയ്ക്കു അത്യാവശ്യമായ ഒരു കാര്യം എളിമയാകുന്നു. എന്നാൽ സാക്ഷാൽ എളിമയുള്ളവൻ ദൈ

വസ്നേഹിതന്മാരെ ഒന്നും വകവെയ്ക്കാതെ ദൈവത്തെ തന്നെ പ്രാർത്ഥിച്ചു കാര്യം സാധിച്ചുകൊള്ളും എന്നു വിചാരിക്കുമൊ? ദൈവത്തിനു തന്നെ ഇഷ്ടമാകുമൊ? തന്റെ സ്നേഹിതന്മാരെ ഒന്നും മനഃപ്പൂർവം വകവെക്കാതെ ഇരിക്കുന്നവന്റെ അപേക്ഷയെ കേൾക്കുമൊ? നിഗളികളെ ദൈവവും മനുഷ്യരും വെറുക്കുന്നു. നിഗളത്തോടു ചാച്ചിൽ ഉള്ളവരായ നാം നിഗളികളെ വെറുക്കയും അവരുടെ അപേക്ഷയെ കൈക്കൊള്ളുകയും ചെയ്യുന്നില്ലെങ്കിൽ സകല സംപൂർണ്ണനായിരിക്കുന്ന ദൈവം നിഗളത്തെ വെറുക്കാതിരിക്കുമോ? ലൌകികമായി തന്നെ ആലോചിച്ചുനോക്കിയാലും വലിയ വലിയ ആളുകളുടെ അടുക്കൽ യാതൊരു മദ്ധ്യസ്ഥവും കൂടാതെ അലക്ഷ്യമായി കയറിച്ചെന്നാൽ അപമാനം ഏററു പോരാനെ മാർഗ്ഗം ഉള്ളല്ലൊ. ചിലർ പറയുമായിരിക്കും നാം ദൈവികത്തെക്കുറിച്ചാണു സംസാരിക്കുന്നതു്. ശരിതന്നെ. എന്നാൽ ലൌകികവും ദൈവികവും ഒരേ ഒരാളിൽ നിന്നു തന്നെയാണല്ലൊ ഉത്ഭവം. ലൌകികത്തെ സ്വാഭാവികമെന്നും ദൈവികത്തെ അതിസ്വാഭാവികമെന്നും നമുക്കിവിടെ വ്യവഹരിക്കാം. ഇതു രണ്ടിന്റെയും അടിസ്ഥാനക്കല്ലു ദൈവം തന്നെ. അപ്പോൾ ദൈവികത്തെക്കുറിച്ചു തന്നെയല്ലയൊ ഞാനും പ്രതിപാദിക്കുന്നതു്. മദ്ധ്യസ്ഥന്മാർ വഴിക്കുള്ള പ്രാർത്ഥന സ്വാഭാവികം തന്നെയെന്നുള്ളതിനു പലതെളിവുകളുമുണ്ടു്. ഒന്നു് ഒന്നിനാൽ പൂർത്തിയാക്കപ്പെടണമെന്നുള്ളതു ദൈവതിരുച്ചിത്തമാണെന്നു് സൃഷ്ടിയെ ഒന്നു പരിശോധിച്ചാൽതന്നെ അറിയാം. ഒരു സൃഷ്ടിയും സംപൂർണ്ണമായിരിക്കുന്നതു നാം കാണുന്നില്ലാ. രാജാവു പ്രജകളേയും പ്രജകൾ രാജാവിനേയും ഗുരു ശിഷ്യനേയും ശിഷ്യൻ ഗുരുവിനേയും ആശ്രയിച്ചിരിക്കുന്നു. സജീവവസ്തുക്കൾ നിർജ്ജീവവസ്തുക്കളേയും നിർജ്ജീവവസ്തുക്കൾ സജീവകളേയും ആശ്രയിച്ചുനില്ക്കുന്നു. പ്രകൃതിയിലുള്ള ഈ ആശ്രയത്തെ അതിസ്വാഭാവികമായ നമ്മുടെ ക്രിസ്തീയവേദത്തിലും കാണുന്നു. ക്രിസ്തീയവേദത്തിന്റെ അടിസ്ഥാനതത്വങ്ങളായ മിശിഹായുടെ ആഗമനം, പീഡകൾ മുതലായവ യൂദവേദത്തിൽ അടിസ്ഥാനപ്പെട്ടതായിരിക്കയാൽ ക്രിസ്തീയവേദം യൂദവേദത്തെ ആശ്രയിച്ചല്ലൊ നില്ക്കുന്നു. യൂദവേദം നിവ്യന്മാരുടേയും ബാവാന്മാരുടേയും വചനങ്ങളെ ആശ്രയിച്ചല്ലയൊ നില്ക്കുന്നതു്. അവർ ദൈവത്താൽ അയക്കപ്പെട്ടവരും അല്ലയൊ. ഇനി ക്രിസ്തീയ വേദത്തിന്റെ സ്ഥാപകൻ തന്നെ ഇഹത്തിൽ വരുന്നതിനു ചിത്തമായതും മനുഷ്യരൂപത്തിൽ അല്ലയൊ. മാനുഷികം എന്ന മദ്ധ്യസ്ഥത്തെ എടുത്തുകൊണ്ടല്ലയൊ ദൈവം തന്നെ നമ്മെ രക്ഷിച്ചതു്. ഇപ്രകാരം ആലോചിക്കുന്നെങ്കിൽ മദ്ധ്യസ്ഥത വേണമെന്നുള്ളതും സ്വാഭാവികവും അതിസ്വാഭാവികവും നമ്മെ നിർബന്ധിക്കുന്നു. ഇപ്രകാരമുള്ളതു ആവശ്യമല്ലാ എന്നു വരുമൊ: ആവശ്യവുമാണു വേദാനുസാരവും ആണെന്നു നാം കണ്ടു. സ്വാഭാവികം കൂടിയാണെന്നും കണ്ടുകഴിഞ്ഞു. മരിച്ചവക്കുവേണ്ടിയുള്ള പ്രാർത്ഥന പാപരഹിതവും, അവശ്യവും വേദാനുസാരവും ആയിരിക്കുന്നു എന്നു കാണിച്ച യുക്തികളും ന്യായങ്ങളും ഇതിനും ചേരുന്നതാകുന്നു. ഇങ്ങനെ ഒത്തുവരുന്നതിന്റെ കാര്യം ഒരേ ഒരു ദൈവത്തിൽ നിന്നാകുന്നു ഈ രണ്ടു സത്യങ്ങളും പുറപ്പെട്ടിരിക്കുന്നതു്. സത്യങ്ങൾ യാഥാർത്ഥ്യങ്ങൾ ആയിരിക്കുമ്പോൾ തമ്മിൽ വൈപരീത്യം ഉണ്ടാകുവാൻ പാടില്ലം. ഇതുകൊണ്ടാകുന്നു സത്യം ഒന്നുമാത്രമെന്നും മിശിഹാ തന്നെക്കുറിച്ചുതന്നെ ക്രിസ്തീയവേദത്തിൽ അരുളിച്ചെയ്യുന്നതു്. "ഞാൻ വഴിയും, സത്യവും ജീവനും ആകുന്നു."

P. C.

## ശ്രീയേശുസ്തവം.

(മട്ടു് "വരും കാണും")

പാപികളാംമാനുഷരെ
രക്ഷിപ്പാനായി സ്നേഹ—
ജ്വാലയോടീഭൂതലത്തിൽവന്ന യേശുവേ!
നിന്നെമാത്രംഞങ്ങൾ
സ്നേഹിച്ചാരാധിച്ചീടാൻ നിത്യ—
ഭക്തിയും നൽവരങ്ങളും നൽകീടേണംനീ
ശോഭയേറുംനിന്മേനിയി

ലോററാരാശ്ശൂലം ഘോര-
ദ്രോഹികളാമിപ്പുത്രരെരക്ഷിപ്പാനല്ലോ
പ്രീതിയോടിപ്പാതകരാം
ഞങ്ങളെക്കാത്തു താത- (ണം.
മേലുമങ്ങേസ്നേഹിച്ചീടാൻ കൃപചെയ്തിടേ
ഭാരമേറുംസ്ലീവാമരം
തോളിൽവഹിച്ച ചാരു- (ൻ.
രൂപനാംകത്താവേഅങ്ങേആരാധിക്കുന്നേ
രോഗികളാംഞങ്ങൾക്കുള്ളോ-
രാനന്ദംനീതാൻ (സമാക.
ദുഃഖസാഗരമതിൽനിന്നുംമക്കൾക്കാശ്വാ

ബുദ്ധിഹീനർഞങ്ങളങ്ങേ
ജ്ഞാനപ്രകാശം സിദ്ധി- (ന്നേൻ.
ച്ചിക്ഷിതിയിൽ ജീവിക്കുവാൻ പ്രാർത്ഥിച്ചീട്ടു
വിദ്യയുംമേൽവിത്തവുംനിൻ
ചിത്തമ്പോലിങ്ങു ഭൃത്യ-
വർഗ്ഗമാകുമിഗ്ഗണത്തിന്നേകീടേണംനീ.
മേലിലുംനീ ഈക്കൂട്ടത്തെ
പ്പാലിച്ചീടുവാൻ ഭക്ത്യാ-
ദാസരാകുംഞങ്ങളങ്ങേപ്പാദംകൂപ്പുന്നേൻ.

സി. പി. മാത്യു

## തിരുഹൃദയഭക്തന്മാർ ൧൯൨൦ കന്നിമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

"കൃഷിക്കാരുടെ ഗുണീകരണം."



മനുഷ്യർ പലതരം ജോലിക്കാരായി വിഭജിക്കപ്പെട്ടിരിക്കുന്നു. എന്നാൽ കൃഷിജോലി ഏററവും പുരാതനവും, മനുഷ്യന്ന് അത്യാവശ്യപ്പെട്ട ഭക്ഷണ പദാർത്ഥങ്ങളെ ഉണ്ടാക്കിക്കൊടുക്കുന്നതും മററു ജോലിവേലകളേക്കാൾ സന്മാർഗ്ഗജീവിതത്തിന്ന് ഏററം യോജിക്കുന്നതും ആകുന്നു. ദൈവഭക്തനായ ഒരു കൃഷിക്കാരന്ന് ഉണ്ടായിരിക്കുന്ന ശരീരസൌഖ്യവും മററു ലൌകിക ജോലിക്കാരിൽ സുലഭമല്ല. പാടിക്കൊണ്ടു തൻെറ പറമ്പിൽ വേലചെയ്തിരുന്ന ഒരു കൃഷിക്കാരൻെറ പക്കൽ വലിയ നെപ്പോളിയൻ ചക്രവർത്തി വേഷംമാറിച്ചെന്നു സംസാരിച്ച ശേഷം, തൻെറ കൂടെയുണ്ടായിരുന്ന ഉദ്യോഗസ്ഥനോടു "രാജ്യം ഭരിക്കുന്ന നമുക്കു ഇതുപോലെയുള്ള ഹൃദയസമാധാനവും തൃപ്തിയും ഇല്ലല്ലൊ" എന്നു പറകയുണ്ടായി. സാക്ഷാൽ ദൈവഭക്തനായ കൃഷിക്കാരൻ ഇഹത്തിലും പരത്തിലും ഹൃദയസമാധാനവും സന്തോഷവും അനുഭവിക്കും. എന്നാൽ ദൈവത്തെ മറന്നു നടക്കുന്ന കൃഷിക്കാർ അനുദിനജപങ്ങൾ എത്തിക്കാതെയും കടമുള്ള ദിവസങ്ങളിൽ ശുദ്ധമെ കൊള്ളാതെയും ക്രമേണ നിർഭാഗ്യരായിത്തീരുന്നു. വണ്ടിവലിക്കയും നിലം ഉഴുകയും ചെയ്യുന്ന കാളകളെപ്പോലെ ഇവർ അദ്ധ്വാനിച്ചാലും ഇവരുടെ വേലകൾ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുവാൻ തക്ക പുണ്യ യോഗ്യതകൾ ആകയില്ല. പ്രത്യുത ദൈവേഷ്ടപ്രസാദത്തിൽ ഇരിക്കയും സകല വേലകളെയും, സഹിക്കുന്ന എല്ലാ പീഡകളെയും ദിവസേന രാവിലെ ദൈവത്തിന്നു ശുദ്ധ നിയോഗത്താൽ സമർപ്പിക്കയും ചെയ്യുന്ന കൃഷിക്കാരന്നു തൻെറ വേലയുടെ ഫലം ഇഹത്തിൽ അനുഭവിക്കുന്നതിന്നു പുറമെ, പരത്തിൽ അവയുടെ യോഗ്യതയ്ക്കു തക്കവണ്ണമുള്ള നിത്യമുടി ലഭിക്കയും ചെയ്യും. ആകയാൽ ഞായറാഴ്ച്ചകളെയും തിരുനാളുകളെയും ആചരിക്കാതെയും ആ ദിവസങ്ങളിൽ സ്വന്ത ആത്മശുദ്ധീകരണത്തി

ന്നുവേണ്ടി ശ്രമിക്കാതെയും നടക്കുന്ന പാപികളായ കൃഷിക്കാർ മാനസാന്തരപ്പെട്ടു ഗുണീകരണം പ്രാപിക്കുന്നതിന്നായി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

# നി. വ. ദിവ്യശ്രീ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഒരു പരസ്യക്കല്പന.

നമ്മുടെ രണ്ടാമത്തെ പള്ളിസന്ദർശനത്തിൽ, ഓരോ ഇടവകകളിലും തിരുസഭയുടെ ആഗ്രഹങ്ങൾക്കും, നമ്മുടെ കല്പനകൾക്കും പ്രതികൂലമായി കണ്ടിട്ടുള്ള ന്യൂനതകളെ നിങ്ങളെ ചൂണ്ടിക്കാണിക്കേണ്ടതു നമ്മുടെയും, മേലാൽ അങ്ങനെയുള്ള വീഴ്ചകളിൽ ഉൾപ്പെടാതെ സൂക്ഷിക്കേണ്ടതു നിങ്ങളുടെയും കടമകളാകയാൽ നമ്മുടെ ഈ ഉപദേശപ്രകാരം പ്രവർത്തിക്കുന്നതിൽ നിങ്ങൾ പ്രത്യേകം ജാഗരൂകരായിരിക്കണമെന്നു നാം ഒന്നാമതായി നിങ്ങളെ ഓർപ്പിക്കുന്നു.

## 1. ദേവാലയസംബന്ധമായ കാര്യങ്ങൾ.

(എ) ദേവാലയം ദൈവത്തിന്റെ ഭവനമായിരിക്കുന്നു എന്നു നാം സർവ്വദാ ഓർക്കേണ്ടതാകുന്നു. പഴയനിയമത്തിൽ പ്രസിദ്ധമായ ജെറുസലേം ദേവാലയത്തിന്റെ പണി ഒരു ലക്ഷത്തോളം ആളുകളെക്കൊണ്ടു ഏഴുവർഷം നിരന്തരമായി ചെയ്യിച്ച് അതിവിശേഷമായി അതിനെ അലങ്കരിക്കുന്നതിനു ജ്ഞാനിയായ സ്ലേമ്മോൻ എത്ര അധികം പ്രയത്നിച്ചു എന്നും ആ ദേവാലയത്തിൽ എത്ര വിശേഷമായ ക്രമങ്ങളെ ആചരിച്ചിരുന്നു എന്നും, ആ നിശ്ചയത്തിനു പ്രതികൂലമായി പ്രവർത്തിച്ചവരെ എത്ര ഭയങ്കരമായി ദൈവം ശിക്ഷിച്ചു എന്നും നാം അറിയുന്നു. കേവലം ഒരു പ്രാർത്ഥനാലയം മാത്രമായിരുന്ന ഈ ദേവാലയത്തിന്റെ വിശുദ്ധിയിലും അലങ്കാരത്തിലും ദേവാലയക്രമങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്നതിലും ദൈവം ഇത്ര നിഷ്കർഷ പ്രദർശിപ്പിച്ചു എങ്കിൽ, ഇന്നു സാക്ഷാൽ ദൈവത്തിന്റെ ആലയമായി സ്ഥിതിചെയ്യുന്ന പള്ളികളുടെ അതേ സീനമലയിൽവച്ചു തന്റെ അനന്തമായ പ്രഭയാലും മഹത്വത്താലും ഇസ്രായേൽ ജനങ്ങളെ പരിഭ്രമിപ്പിച്ച ആ ദൈവം വിശുദ്ധ കുർബാനവഴിയായി നമ്മോടുകൂടി എഴുന്നള്ളിയിരിക്കുന്നതിനും ലോകപാപപരിഹാരാർത്ഥം തന്നെത്തന്നെ നിത്യപിതാവിന് അത്യത്ഭുതബലിയായി സമർപ്പിക്കുന്നതിനും ഉപയോഗിക്കുന്ന ആ ദേവാലയങ്ങളുടെ മഹത്വം എത്ര വലുതാകുന്നു! ഇതു ഭൂലോകസ്വർഗ്ഗമാകുന്നു. അവിടെ നിന്നു ദുഃഖിതർ ആശ്വാസത്തെയും, ബലഹീനർ ശക്തിയേയും, ദരിദ്രർ സമ്പത്തിനേയും, പാപികൾ പാപമോചനത്തേയും, പരീക്ഷകളിലും അപകടങ്ങളിലും ഉൾപ്പെട്ടിരിക്കുന്നവർ ഭാഗ്യത്തേയും സമാധാനത്തേയും പ്രാപിക്കയും ചെയ്യുന്നില്ലയോ? ഈ ദേവാലയത്തിന്റെ ഒരു സാദൃശ്യം മാത്രമായിരുന്ന ആ പ്രാർത്ഥനാലയത്തിന്റെ വിശുദ്ധിയിലും അവിടെ അത്ര വലിയ ക്രമം കാക്കുന്നതിലും സർവ്വേശ്വരൻ ഇത്ര നിഷ്കർഷയായി ആജ്ഞാപിച്ചു എങ്കിൽ, ദൈവംതന്നെ സർവ്വദാ എഴുന്നള്ളിയിരിക്കുന്ന നമ്മുടെ ദേവാലയങ്ങളിൽ എത്ര വലിയ വിനയവും ക്രമവും കാക്കുന്നതിനും അതിന്റെ വിശുദ്ധിയിൽ എത്ര അധികം നിഷ്കർഷ വയ്ക്കുന്നതിനും അവിടുന്നാഗ്രഹിക്കയും അപ്രകാരം പ്രവർത്തിക്കാത്തവരെ എത്ര ഉഗ്രമായി ശിക്ഷിക്കയും ചെയ്യുന്നതാണെന്നു നിങ്ങൾതന്നെ ആലോചിപ്പിൻ.

(ബി) നമ്മുടെ ദേവാലയങ്ങളിൽ ആളുകൾ എത്ര അനാചാരമായി സഞ്ചരിക്കയും സംസാരിക്കയും മറ്റും ചെയ്തുവരുന്നു. പ്രത്യേകം സ്ത്രീകൾ ദേവാലയത്തിൽവച്ചു സംസാരിക്കുന്നതിൽ യാതൊരു മടിയും കാണിക്കുന്നില്ല. ചിലപ്പോൾ ഇവരുടെ സംസാരം അവിടെ പ്രാർത്ഥിക്കുകയും മറ്റും ചെയ്യുന്നവർക്ക് എത്രമാത്രം അസഹ്യതയ്ക്കു കാരണമാകുന്നു എന്നും, അവർ ദൈവത്തെ എത്രമാത്രം നിന്ദിക്കുന്നു എന്നും അറിയാത്തതിൽ നാം വ്യസനിക്കുന്നു.

മേലധികാരികളുടെ മുൻപാകെ നിന്നുകൊണ്ടു് കീഴുള്ളവർ തമ്മിൽ സംസാരിക്കുന്നതു വലിയ കുററമായി പരിഷ്കൃതാശയന്മാർ വിധിക്കുന്നു എങ്കിൽ സർവ്വശക്തനായ ദൈവത്തിന്റെ തിരുമുമ്പിൽ നിന്നുകൊണ്ടു ചിരിക്കയും കളിക്കയും ചെയ്യുന്നതു് എത്ര വലിയ കുററമാകുന്നു എന്നു നിങ്ങൾതന്നെ തീർച്ചപ്പെടുത്തുവിൻ.

(൩) വന്ദ്യ വൈദികരും കപ്യാരന്മാർ ആദിയായ പള്ളിശുശ്രൂഷികളും ദേവാലയത്തിന്റെയും, തിരുക്കർമ്മങ്ങൾക്കുപയോഗിക്കുന്ന തിരുപ്പാത്രങ്ങൾ, തിരുവസ്ത്രങ്ങൾ ആദിയായവയുടെയും അലങ്കാരത്തിലും വിശുദ്ധിയിലും ശ്രദ്ധിക്കാത്തതായിക്കാണുന്നതു പരിതാപകരം തന്നെ. എത്രയോ ദേവാലയവസ്ത്രങ്ങൾ കീറിയും അശുചിയായും കാണപ്പെടുന്നു. ബ. വികാരിമാർ ഈ വിഷയത്തിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. പഴയനിയമത്തിൽ പ്രധാനാചാര്യനായിരുന്ന ഹേലി ദേവാലയക്രമങ്ങളിൽ നിഷ്ഠയില്ലാതിരുന്ന തന്റെ പുത്രന്മാരോടുകൂടി എത്ര ഭയങ്കരമായ ശിക്ഷയ്ക്കു പാത്രീഭവിച്ചു എന്നു് ഓർമ്മിക്കുവിൻ.

(൪) പള്ളിമതിൽക്കകവും സിമിത്തേരികളും പ്രത്യേകം പള്ളിയകവും ശീലവെഞ്ചെരിപ്പുമുറി? നാദികളും എപ്പോഴും ഭംഗിയായും ശുചിയായും സൂക്ഷിക്കേണ്ടതും, ഇപ്രകാരമുള്ള ദൈവാരാധനസ്ഥലങ്ങളുടെയും വസ്തുക്കളുടെയും ന്യൂനതകൾ ഉടനുടൻ പരിഹരിക്കേണ്ടതുമാകുന്നു. ഇക്കാര്യത്തിൽ ബ. വികാരിമാരും കൈക്കാരന്മാരും മററു പള്ളിശുശ്രൂഷികളും പ്രത്യേകം ശ്രദ്ധവയ്ക്കേണ്ടതും പള്ളിവക പണത്തെ മററു വിധത്തിൽ ദുർവ്യയം ചെയ്യാതെ ഈ വക കാര്യങ്ങൾക്കായി ചെലവുചെയ്യേണ്ടതുമാകുന്നു.

(൫) നമ്മുടെ നിശ്ചയമനുസരിച്ചു സന്ധ്യമണി കൊട്ടിയാലുടൻ ബ. വികാരിമാരും, പള്ളിശുശ്രൂഷികൾ മുതലായവരും, സംബന്ധിക്കുന്നതിനു സൌകര്യമുള്ള മററാളുകളും, പള്ളികളിൽ കൂടി ത്രികാലജപവും കൊന്തനമസ്കാരം മുതലായതും എത്തിക്കണമെന്നു നാം ആജ്ഞാപിച്ചിട്ടുണ്ടു്. അതു ശരിയായി നിറവേററാത്ത ദേവാലയങ്ങൾ ഇനിയും ധാരാളമുണ്ടു്. ഇതിലേക്കുപയോഗിക്കുന്ന ചുരുങ്ങിയ സമയത്തിന്റെ വില എന്തുമാത്രമെന്നു് ഓരോരുത്തർക്കും അവരവരുടെ മരണശേഷം അനുഭവപ്പെടുന്നതല്ലാതെ ഇപ്പോൾ വിവരിച്ചറിയിക്കുക പ്രയാസം തന്നെ.

(൬) ഓരോ തിരുനാളുകൾക്കു മുമ്പിൽ നിശ്ചയിച്ചിരിക്കുന്ന നവനാൾ ജപങ്ങളും, ഒരു മണി ആരാധനകളും, പതിമൂന്നുമണി ആരാധനകളും ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും നടത്തണമെന്നു നാം കല്പിച്ചിട്ടുള്ള ഉപദേശങ്ങളും ശരിയായി ചെയ്യുന്നതിൽ തീരെ ശ്രദ്ധിക്കാത്ത സ്ഥലങ്ങൾ ഇനിയും ഇല്ലെന്നില്ല. അപ്രകാരമുള്ളവർ മേലാലെങ്കിലും ദൈവകാര്യത്തിലും തങ്ങളുടെ നിത്യരക്ഷയിലും കൂടുതൽ തീഷ്ണതയുള്ളവരായിക്കാണുന്നതിനു നാം അതിയായി ആഗ്രഹിക്കുന്നു.

(൭) പള്ളിക്കടുത്ത സ്ഥാവരജംഗമ വസ്തുക്കളിന്മേൽ ശരിയായ അന്വേഷണമില്ലാത്തതായും കൈക്കാരന്മാർ വേണ്ടപോലെ പള്ളിയിൽ ഹാജരായി പള്ളിക്കാര്യങ്ങൾ അന്വേഷിക്കാത്തതായും മുതലിടപെട്ട സംഗതികൾ

# വിജ്ഞാപനം.

കടലാസിനു വില പൂർവ്വാധികം വർദ്ധിച്ചിരിക്കുന്നു. അച്ചടിക്കുന്നതിനുള്ള മററു സാധനങ്ങളുടെ വിലയും അപ്രകാരംതന്നെ. ഇങ്ങനെയുള്ള ഒരു ദുർഘടഘട്ടത്തിലും, ഞങ്ങൾ വരിസംഖ്യയിൽ യാതൊരു കൂടുതലും ചെയ്യാത്തതു്, ജനസാമാന്യത്തിന്റെ നന്മയെ ഉദ്ദേശിച്ചു മാത്രമാണ്. എന്നിട്ടും ഇപ്പോഴുള്ള നിസ്സാര സംഖ്യയായ ഒരു രൂപ വരി തന്നു കുസുമത്തെ സഹായിക്കാത്തവർ, അതിന്റെ വരിക്കാരുടെ ശേഖരത്തിലുണ്ടെന്നു പറയേണ്ടിവന്നതിൽ മനസ്താപമുണ്ടു്. അതിനാൽ എല്ലാ വരിക്കാരും, ആണ്ടുതികയട്ടെ എന്നു കാത്തിരിക്കാതെ ഓരോ കൊല്ലത്തെ വരിസംഖ്യയായ ഒരു രൂപ മുൻകൂറയച്ചു തന്നു് പരോപകരപരമായ ഈ ഉദ്യമത്തിൽ ഞങ്ങളെ ഹൃദയപൂർവ്വം സഹായിക്കണമെന്നപേക്ഷ.

വരിക്കാർ ഓരോരുത്തരും അയക്കുന്ന എഴുത്തുകളിൽ മാസികയുടെ പേരേട്ടു നമ്പരും മേൽവിലാസവും വ്യക്തമായി എഴുതിയിരിക്കണം. പണസംബന്ധമായ സകല എഴുത്തുകളും മാനേജരുടെ പേർക്കു് അയക്കേണ്ടതാണ്.

മാനേജർ.

ഭാരമേററു നടത്താത്തതായും നാമറിയുന്നു. ഇതിനുള്ള ഉത്തരവാദികൾ നാം സ്വീകരിച്ചുറപ്പിച്ചിട്ടുള്ള കൈക്കാരന്മാരായിരിക്കുന്നതും, തങ്ങളുടെ ഉപേക്ഷ നിമിത്തമുണ്ടാകാവുന്ന നഷ്ടങ്ങൾ അവരിൽനിന്നുതന്നെ ഈടാക്കുന്നതുമാകുന്നു. ബ. വികാരിമാരുടെ കൈവശം വല്ല കാരണവശാൽ പള്ളിമുതൽ വന്നുചേരുന്നതായാൽ അതുകഴിഞ്ഞു് അടുത്തുവരുന്ന ഞായറാഴ്ചക്കകം കൊടുക്കാനുള്ള സംഖ്യ കൈക്കാരന്മാരെ ഏൽപ്പിച്ചു നമ്മുടെ നിശ്ചയപ്രകാരം നാലുപൂട്ടിൽ വച്ചു സൂക്ഷിക്കേണ്ടതാണു്. ഇതിനു വിരോധമായ യാതൊരൊഴികഴിവുകളും മേലാൽ നാം സ്വീകരിക്കുന്നതല്ല. ബ. വികാരിമാരെയൊ മററു വിശ്വസ്തന്മാരെയോ ഏൽപ്പിച്ചു എന്ന കാരണത്താൽ കൈക്കാരന്മാരുടെ ഉത്തരവാദിത്വം ഒഴിയുന്നതുമല്ല.

(൮) പള്ളിയിൽനിന്നു വസ്തുക്കൾ വാങ്ങിക്കുക, പണം പലിശയ്ക്കു കൊടുക്കുക, വാങ്ങിക്കുക മുതലായവ നമ്മുടെ അനുമതികൂടാതെ ചില സ്ഥലങ്ങളിൽ നടത്തിവരുന്നതായി കാണുന്നു. അപ്രകാരം ചെയ്യുന്നതു പള്ളിനിയമത്തിനു യോജിക്കാത്തതും ശിക്ഷാർഹമായതുമാണെന്നു പ്രത്യേകം ഓർപ്പിക്കുന്നു.

(൯) നമ്മുടെ അനുമതികൂടാതെ ഇടവകകളിൽ വരിസംഖ്യ ഇടുന്നതിനോ കുററി എഴുതി ഈടാക്കുന്നതിനോ പാടില്ലാത്തതാണു്. ആകയാൽ അപ്രകാരം ചെയ്യുന്നതു നിമിത്തമുണ്ടാകാവുന്ന പിശകുകളിൽ മേലാൽ നാം ഇടപെടുകയില്ലെന്നുകൂടി അറിയിക്കുന്നു.

(൧൦) നിത്യക്കുർബാനകൾ ശരിയായി അനുഷ്ഠിക്കാതിരിക്കുന്ന ദേവാലയങ്ങൾ അപൂർവ്വമല്ല. അപ്രകാരം സംഭവിക്കാതിരിക്കുന്നതിനുവേണ്ടി നിത്യക്കുർബാനയുടെ ഓരോ പട്ടികകൾ ഉണ്ടാക്കി പസ്ക്കിയിട്ടു സങ്കീർത്തിയിൽ സൂക്ഷിക്കേണ്ടതാണെന്നുള്ള നമ്മുടെ മുൻകല്പന പല സ്ഥലങ്ങളിലും നടത്തിക്കാണുന്നില്ല. ഈവക ഗൌരവസംഗതികളിൽ ബ. വികാരിമാരും കൈക്കാരന്മാരും സൂക്ഷ്മമില്ലാത്തവരായിക്കാണുന്നതു പരിതാപകരംതന്നെ.

(൧൧) വിവാഹം, മരണം മുതലായവയുടെ കണക്കുകളും തിരുഹൃദയസഭ, ഉത്തരീയസഭ, ആദിയായ തിരുസഖ്യതകളിൽ ചേരുന്നവരുടെ പേരുവിവരങ്ങളും ചില സ്ഥലങ്ങളിൽ തീരെ എഴുതാത്തതായും മററു ചില സ്ഥലങ്ങളിൽ കപ്യാർ, കണക്കൻ മുതലായ പള്ളിജോലിക്കാർ ചിലപ്പോഴെല്ലാം എഴുതുന്നുണ്ടെങ്കിലും അതുതന്നെ വേണ്ടവണ്ണം സൂക്ഷിക്കാത്തതായും കാണുന്നു. മേലാൽ ബ. വികാരിമാർ തന്നെ പ്രസ്തുത റിക്കാർട്ടുകൾ എഴുതിയോ എഴുതിച്ചോ ഭദ്രമായി സൂക്ഷിക്കേണ്ടതാകുന്നു. അപ്രകാരംതന്നെ നാമയക്കുന്ന കല്പനകളെല്ലാം സൂക്ഷിക്കുന്നതിനു് ഒരു പ്രത്യേക ഫയൽബുക്കുണ്ടായിരിക്കേണ്ടതും, ഇങ്ങനെയുള്ള പള്ളിറിക്കാർട്ടുകളുടെ സൂക്ഷത്തിനായി ഒരു പ്രത്യേക പെട്ടിയോ അലമാരിയോ വച്ചിരിക്കേണ്ടതുമാകുന്നു.

(൧൨) നമ്മുടെ മുൻ പരസ്യകല്പനകളിലെ താല്പര്യമനുസരിച്ച്, ഓരോ പള്ളികളിൽ കണക്കുകൾ ശരിയായി എഴുതുകയും മാസത്തിരട്ടുകൾ കൃത്യസമയത്തയക്കുകയും അതോടുകൂടി ഇരുപ്പു തിട്ടപ്പെടുത്തുകയും ചെയ്യുന്നില്ലെന്നു മാത്രമല്ല, ചില പള്ളികളിൽ നാൾവഴികൂടെയും എഴുതാതെയും എഴുതുന്ന കുറിപ്പിനു യോജിക്കാത്ത വിധത്തിൽ എഴുതിയും നാൾവഴിക്കനുസരണമായ പേരേടു പതിക്കാതെയും തിരട്ടയച്ചുവരുന്നതായും കാണുന്നു. ഇവയൊക്കെ ബ. വികാരിമാരുടെ അശ്രദ്ധകൊണ്ടു സംഭവിക്കുന്നവയെന്നല്ലാതെ പറയാൻ നിവൃത്തിയില്ല. മേലാൽ ബ. വികാരിമാരും കൈക്കാരന്മാരും യോഗക്കാരും ഈ സംഗതിയിൽ പ്രത്യേക ദൃഷ്ടി പതിക്കേണ്ടതാകുന്നു.

(൧൩) യോഗക്കാരുടെയും പള്ളിയോഗ നടപടികളുടെയും സ്ഥിതിയിൽ പല പിശകുകളും നാം കാണുന്നതിനിടയായിട്ടുണ്ടു്. യോഗത്തിൽ കൂടേണ്ട ആളുകൾ കൂടാതെ വരുന്നതും, യോഗത്തിൽ പതിവായി സംബന്ധിച്ചു വരുന്ന ചിലർ സംബന്ധിക്കാതെ വരുമ്പോൾ പാസാക്കുന്ന നിശ്ചയങ്ങളെ നടപ്പിൽ വരുത്താതിരിക്കുന്നതിനു വേണ്ടി അവർ ദുശ്രമം ചെയ്യുന്നതും, ചില വീട്ടുവഴക്കുകൾ പലപ്പോഴും പള്ളിവഴക്കായിത്തീരുന്നതും, ചില അഭിപ്രായങ്ങൾ യോഗത്തിൽ കൊണ്ടുവരുകയും സാധിക്കാതെ വരുമ്പോൾ കലശൽകൂട്ടുകയും ചെയ്യുന്നതും മററും കേവലം നിന്ദാവഹങ്ങളായ പ്രവൃത്തികളും അതിപാവനമായ ക്രിസ്തുമതവൈശിഷ്ട്യത്തെ ഇതരമതക്കാർ തെററിധരിക്കുന്നതിനു പലപ്പോഴും കാരണങ്ങളുംകൂടെയല്ലയോ എന്നു നിങ്ങൾ തന്നെ ആലോചിപ്പിൻ. ഇപ്രകാരമുള്ള നടവടികൾ കാര്യനടപ്പില്ലായ്മയ്ക്കും ഇടവകയിലെ സമാധാനക്കേടിനും കാരണമാക്കുന്നവയാകയാൽ, ഇങ്ങനെയുള്ള അസഭ്യങ്ങളായ

സംസാരങ്ങൾക്കും ഹീനങ്ങളായ പ്രവൃത്തികൾക്കും കാരണമാകുന്നവർ ദൈവത്തെ ഭയന്ന്, പൊതുഗുണത്തെ തടയാതിരിക്കുന്നതിനുവേണ്ടി മേലാലെങ്കിലും ഇപ്രകാരം പ്രവൎത്തിക്കാതിരിക്കേണ്ടതാകുന്നു എന്നു നാം ഓൎപ്പിക്കുന്നു.

(തുടരും.)

## വർത്തമാനക്കുറിപ്പുകൾ.

അ. ഉ. ഡലഗാദപ്പസ്തോലിക്കാ തിരുമനസ്സിലെ ക്ഷണമനുസരിച്ചു് ബംഗളൂരിലേക്കു പോയിരുന്ന നി. വ. ദിവ്യശ്രീ ചങ്ങനാശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു സസുഖം തിരിച്ചെത്തിയിരിക്കുന്നു. പോയ കാൎയ്യം എന്താണെന്നു് ഇതുവരെ ഒന്നും വെളിക്കു വന്നിട്ടില്ല.

കൊച്ചിയിലെ തുറമുഖംപണി വകക്കു് ആകെ ഒന്നരക്കോടി രൂപാ വേണ്ടിവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിനുംപുറമെ തുറമുഖം ശരിയായി സൂക്ഷിച്ചുകൊണ്ടുപോകുന്നതിലേക്കു പ്രതിവഷം ഇരുപതുലക്ഷം രൂപായോളം ആവശ്യപ്പെടും. ഇത്രക്കുള്ള ലാഭം ഇതിൽ നിന്നുണ്ടാകുമൊ എന്നു സംശയത്തിലുമാണിരിക്കുന്നതു്.

പുതിയ ദിവാൻ റാവുബഹദൂർ ടി. രാഘവയ്യാ അവർകൾ ബി. ഏ. കഴിഞ്ഞ മാസത്തിൽ കോട്ടയം മൂവാററുപുഴ ആലപ്പുഴ ആദിയായി പല സ്ഥലങ്ങളിലും ഒരു സൎക്കീട്ടു കഴിച്ചു് തലസ്ഥാനത്തു തിരികെ എത്തിയിരിക്കുന്നു. തീവണ്ടി സംബന്ധിച്ചുള്ള കാൎയ്യങ്ങളേപ്പററി ആലോചിക്കുന്നതിനായിട്ടും മററും എൎണാകുളത്തുവച്ചു കൊച്ചീദിവാനുമായി ഇദ്ദേഹം കൂടിക്കാണുകയുണ്ടായി. ആകപ്പാടെ കണ്ടെടത്തോളം പുതിയ ദിവാനേപ്പററി ജനങ്ങൾക്കു തൃപ്തികരമായ അഭിപ്രായമാണുള്ളതെന്നു പറയേണ്ടിയിരിക്കുന്നു.

അഞ്ചാറു കൊല്ലങ്ങളായി ആലോചനയിൽഇരിക്കുന്ന മരിയ മഹാജനസഭ അടുത്ത ജനുവരി ൧൪, ൧൫, ൧൬, എന്നീ തീയതികളിൽ മദ്രാസിൽവച്ചു നടത്തുന്നതിനു തീർച്ചപ്പെടുത്തിയിരിക്കുന്നു. പാടുപോലെ മോടിയായി ഈ മഹാസഭ നടത്തുന്നതിലേക്കു വേണ്ട ശ്രമങ്ങൾ ധൃതഗതിയായി നടന്നുവരികയാണു്. കാൎയ്യനിൎവ്വഹണം, സ്വീകരണം, പ്രസംഗം, പ്രദക്ഷിണം, ദീപകാഴ്ച, തിരുകൎമ്മങ്ങൾ, പത്രപ്രസിദ്ധീകരണം എന്നിത്യാദി കാൎയ്യങ്ങൾക്കായി വൈദികരും ലൌകികരുമായ പല മഹാന്മാരടങ്ങിയ ആറു പ്രത്യേക കമ്മട്ടികൾ ഏൎപ്പെടുത്തപ്പെട്ടിട്ടുണ്ടു്. ഗൌരവാവഹങ്ങളായ ഇരുപതു വിഷയങ്ങളെപ്പററി പ്രസംഗങ്ങൾ ഉണ്ടാകുന്നതാണു്. ഒരു വലിയ പ്രദൎശനവും ഇതോടു ചേൎന്നുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾ അടുത്തലക്കത്തിൽ അറിയിച്ചുകൊള്ളാം. ദൈവജനനിയുടെ നേൎക്കുള്ള ഭക്തിയിൽ പണ്ടേ പേരുകേട്ടിട്ടുള്ളവരായ കേരളീയ കത്തോലിക്കർ അഭൂതപൂൎവ്വമായ ഈ അവസരം നഷ്ടപ്പെടുത്തിക്കളയരുതെന്നു മാത്രമേ ഇവിടെ ഇപ്പോൾ ഓൎപ്പിക്കുന്നുള്ളു. പാടുള്ള വിധത്തിലെല്ലാം നമ്മുടെ അമ്മയുടെ നേൎക്കുള്ള സ്നേഹാദരങ്ങളെ പ്രത്യക്ഷീകരിപ്പാൻ നാമും മത്സരബുദ്ധിയോടെ ഇറങ്ങേണ്ടിയിരിക്കുന്നു.

തുൎക്കിയും സമാധാനസന്ധിക്കു ഒപ്പിട്ടിരിക്കുന്നു. എങ്കിലും സമാധാന രശ്മികൾ ഇനിയും യൂറോപ്പിലേക്കു കടന്നുകൂടിയിട്ടുണ്ടെന്നു പറയാറായിട്ടില്ല. റഷ്യൻ ബോൾഷേവിക്കുകാരും പോളണ്ടുമായി ഘോരയുദ്ധം നടന്നുകൊണ്ടുതന്നേയിരിക്കുന്നു. പോളണ്ടു അധഃപതിച്ചേക്കുമോ എന്നുള്ള നിലയോളമായതാണു്. എങ്കിലും ഇപ്പോൾ റഷ്യൻ പിന്നോക്കം പോകുന്നതായിക്കാണുന്നു. ഗ്രീസിലും യുദ്ധം അവസാനിച്ചിട്ടില്ല. അയർലണ്ടിലും വഴക്കു മൂത്തുവരുന്നു. ഇററലിയിലും കുഴപ്പങ്ങൾ ചില്ലറയല്ല. ആകപ്പാടേ സാക്ഷാൽ സമാധാനം യൂറോപ്പിൽ നിന്നും ഇനിയും

വളരെ അകലത്തിൽ തന്നേ ഇരിക്കുന്ന തേയുള്ളു.

ഫാദർ പിയൂസെന്നു പേരായി അഞ്ചു മുറിവുവരം പ്രാപിച്ചിട്ടുള്ള ഒരു ഫ്രാൻസീസ്കോസു സഭക്കാരൻ ഇപ്പോൾ ഇററലിയിൽ ജീവിച്ചിരിപ്പുണ്ടു്.

റുമേനിയായും വത്തിക്കാനും പരസ്പരം സ്ഥാനപതിമാരെ അയക്കുന്ന സംഗതിയെപ്പററി നടത്തിവന്ന ആലോചന തൃപ്തികരമായി പൎയ്യവസാനിച്ചിരിക്കുന്നു. ബുക്കാറെസ്റ്ററിലെ രാജ്യതന്ത്രജ്ഞന്മാരിൽ ഒരുവനായ ഡോക്ടർ പെനിസ്കൂവിനെയാണു റുമേനിയൻ സ്ഥാനപതിയായി വത്തിക്കാനിലേക്കു അയക്കാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നതു്. മാൎപ്പാപ്പാ ബുക്കാറെസ്റ്ററിലേക്കു നൻസ്യോ ആയിട്ടു ആരെ അയക്കുമെന്നു അറിയപ്പെട്ടിട്ടില്ല. സ്വിസ്സ് ജനാധിപത്യ ഗവൎമ്മേണ്ടും പരിശുദ്ധ സിംഹാസനവും തമ്മിൽ ഇയ്യിടെ നടന്ന ആലോചനയനുസരിച്ചു സ്വിററ്സർലാണ്ടിന്റെ തലസ്ഥാനമായ ബെർണിലേയ്ക്കു മാൎപ്പാപ്പായുടെ പ്രതിപുരുഷനെ അയക്കാനും ആ ഗവൎമ്മേണ്ടിന്റെ സ്ഥാനപതിയെ വത്തിക്കാനിൽ സ്വീകരിക്കാനും പരിശുദ്ധ പിതാവു സമ്മതിച്ചിരിക്കുന്നു.

ആംഗ്ലോ കത്തോലിക്കു കോൺഗ്രസ്സിന്റെ ഫലമായി ആംഗ്ലിക്കൻ പ്രോട്ടസ്റ്റന്റു സഭയിലുള്ള ആയിരത്തില്പരം വൈദികന്മാർ കത്തോലിക്കാ സഭയിലേയ്ക്കു ചേൎന്നുകളയുമോ എന്നു ഇംഗ്ലണ്ടിലെ ചില പത്രങ്ങൾ ശങ്കിക്കുന്നു.

☞ മനോഗുണ വിവരങ്ങൾ സ്ഥലച്ചുരുക്കത്താൽ നീക്കിവച്ചിരിക്കുന്നു.

തിരുവിതാംകൂർ ഹൈക്കോർട്ടു പെൻഷ്യൻ ജഡ്ജി മിസ്ററർ എ. എം. മുത്തുനായകം പിള്ള സ്ഥിരം പ്രസിഡണ്ടും ഹൈക്കോർട്ടുവക്കീൽ മിസ്ററർ ടി. ജെ. ജോസഫ് സെക്രട്ടറിയുമായി തിരുവനന്തപുരത്തു ഒരു കത്തോലിക്കാ സംഘം ആരംഭിച്ചിരിക്കുന്നു.

## ചരമവാൎത്തകൾ

സുറിയാനി കൎമ്മലീത്താ സന്യാസ സഭയിലെ ഒരംഗമായ ബ. ഈറാനിമോസച്ചനവർകൾ അന്തിമക്രൂദാശകളെല്ലാം കൈക്കൊണ്ടു മന്നാനം ആശ്രമത്തിൽ വച്ചു കഴിഞ്ഞ ജൂലായി ൨൨-ാംനു- ഉച്ചകഴിഞ്ഞു അഞ്ചുമണിയോടുകൂടി പരലോകപ്രാപ്തനായി എന്ന വൎത്തമാനം സവ്യസനം അറിവച്ചുകൊള്ളുന്നു. മൃതിൽപ്പരം വൈദികരുടെ സാന്നിദ്ധ്യത്തിൽ ശവസംസ്ക്കാരം പിറേറദിനം സാഘോഷം നടത്തുകയുണ്ടായി. ഒരു സന്യാസിയുടെ നിലയിൽ ഒരിമ്പനെങ്കിലും പുണ്യസമ്പന്നനായിരുന്ന ഇദ്ദേഹത്തിന്റെ വിയോഗം മൂലമുണ്ടായിട്ടുള്ള ദുഃഖത്തിൽ ഞങ്ങളും സഹതപിക്കുന്നു.

കൈനകരി പള്ളി ഇടവക പാണ്ടിച്ചേരികളത്തിൽ കെ. എം. ജോസഫ് മാപ്പിള, കെ. എം. ജേയിക്കബ് മാപ്പിള, ബ. പീയൂസ് ശമ്മാശ്, സി. ഡി. എന്നിവരുടെ പ്രിയമാതാവായ വയോവൃദ്ധ വാതരോഗം നിമിത്തം ജൂലായി ൧൭നു- വിശുദ്ധ ക്രൂദാശകൾ എല്ലാം ഭക്തിപൂൎവ്വം കൈക്കൊണ്ടു കൎത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു.

ഇവരുടെ നിത്യശാന്തിക്കായി വിശ്വാസികൾ പ്രാൎത്ഥിപ്പാറാകണം.

---

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം .൨ .൭ ൧൦൧൨ — എപ്പാകത്തി ൧൦.

## ൧൯൨൦ സെപ്റ്റംബർ — ൧൦൯൬ ചിങ്ങം—കന്നി.

വ്യാകുലമാതാവിൻ വണക്കമാസം. മാതാവിന്റെ വ്യാകുലത്തെക്കുറിച്ചുള്ള ജ്ഞാനപുസ്തകങ്ങൾ വായിക്കുന്നവൎക്കു ദിനംപ്രതി ൩൦൦ ദി. ദ. വി.

| | | | | |
|---|---|---|---|---|
| 1 | 17 | ബു | ശ്ലൂ. എജീദിയോസ് ആബാ. ന. ആ. കു. പെ. | വെ. |
| 2 | 18 | വ്യാ | ശ്ലൂ. മൌദിയാനാ. എസ്സപ്പാനോസ്. ന. ആ. കു. പെ. | വെ. |
| 3 | 19 | വെ | ശ്ലൂ. മൌദിയാനാ കയ്ത്താനോസ് ന. ആ. കു. പെ. (ചി. ൭) | വെ. |
| 4 | 20 | ശ | ശ്ലൂ. മൌദിയാനാ. റോക്കോസ്. ന. ആ. കു. പെ. | വെ. |
| 5 | 21 | ഞാ | ✠ പന്തക്കുസ്താ. ൧൫-ാം ഞായർ. ന. കു. ആ. .൨ .൩ .൫ | വെ. |

☞ ചൊവ്വാ ഇറച്ചിവിലക്ക്, ബുധൻ തിരുനാൾക്കടം അറിക്കണം.

| | | | | |
|---|---|---|---|---|
| 6 | 22 | തി | ശ്രു. അപ്പസ്തോലപ്പാ. മൌദിയാന. ലൌറന്തിയോസ് യുസ്തി | |
| | | | നിയാനി. ന. ആ. കു. പെ. (ഈമാസം ൭) | വെ. |
| 7 | 23 | ചൊ | ശ്രു. ക. റോസ ദെലീമാ. ന. ആ. കു. പെ. (ചി. 30) ഇ. വി. | വെ. |
| 8 | 24 | ബു | ✠ ശ്രു. ക. മറിയത്തിൻ പിറവിത്തിരുനാൾ ന. കു. പെ. | വെ. |
| | | | പൂൎണ്ണദണ്ഡവിമോചനം. | |
| | | | വെച്ചൂർ, ളാലം, പുളിംകുന്ന്, നാഗപ്പുഴ, കാഞ്ഞിരപ്പള്ളി | |
| | | | ഈ പള്ളികളിൽ തിരുനാൾ ഘോഷം. | |
| 9 | 25 | വ്യാ | ശ്രു. ഏലിയാ മിംഖദശി. ന. ആ. കു. പെ. | വെ. |
| 10 | 26 | വെ | ശ്രു. മൌദിയാനാ. നിക്ലാവോസ്. ന. ആ. കു. പെ. | വെ. |
| 11 | 27 | ശ | ശ്രു. ക. മറിയത്തിൻ പിറവി. എട്ടാം ഇട. ന. ആ. കു. പെ. | വെ. |
| 12 | 28 | ഞാ | ✠ പന്തക്കുസ്താ. ൧൩-ാം ഞായർ ന. കു. ആ. [illegible] | പ. |
| | | | ☞ അടുത്ത തിങ്കളാ ബുധൻ ഇ. വി. അറീക്കണം. | |
| 13 | 29 | തി | ശ്രു. ക. മറിയത്തിൻ തിരുനാമം. ന. ആ. കു. പെ. ഇ. വി. | വെ. |
| 14 ● | 30 | ചൊ | (✠) ശ്രു. കുരിശിൻെറ പുകഴ്ച. ന. കു. പെ. | ചു. |
| | | | ചേപ്പുങ്കൽ മാർസ്ലീവാ തിരുനാൾ. | |
| 15 | 31 | ബു | ശ്രു. മൌ. ഹീറാനിമ്മോസ് എമിലിയാനോസ്. ന. ആ. | |
| | | | കു. പെ. ചതുഷ്കാലം. ഇ. വി. പട്ടം. | വെ. |
| 16 | 1 | വ്യാ | ശ്രു. പാപ്പാ. കൊൎണേലിയോസും കൂട്ടരും. ന. ആ. കു. പെ. | ചു. |
| 17 | 2 | വെ | ശ്രു. മൌ. പ്രംസിസ്കോസിൻ ശരീര തിരുമുറിവുകൾ. | |
| | | | ന. ആ. കു. പെ. ചതുഷ്കാലം. പട്ടം. | വെ. |
| 18 | 3 | ശ | ശ്രു. മൌ. യൌസേപ്പു കുപ്പർത്തീനോ. ന. ആ. കു. പെ. പട്ടം. | വെ. |
| | | | എ. ഭാ. ക. മറിയത്തിൻെറ അമലോത്ഭവ തിരുനാളിന്നു മുമ്പുള്ള ൧൫ ശ | |
| | | | നിയാഴ്ച തുടർച്ചയായി ഈ വി. അമ്മയുടെ സ്തുതിക്കായി പ്രത്യേക ജപ | |
| | | | ങ്ങൾ ചൊല്ലുകയും കുമ്പസാരിച്ച് വി. കുർബാന ഉൾക്കൊള്ളുകയും ചെ | |
| | | | യ്യുന്നവൎക്ക് ഓരോ ശനിയാഴ്ചയും പൂൎണ്ണ ദ. വി. ടി. ഇന്നുമുതൽ തുടങ്ങും. | |
| 19 | 4 | ഞാ | ✠ പന്തക്കുസ്താ. ൧൪-ാം ഞായർ. ന. കു. ആ. [illegible] | പ. |
| | | | ☞ തിങ്കളാഴ്ച മാംസവൎജ്ജന അറീക്കണം. എ. ഭാ. ക. മറിയത്തിൻ വ്യാ | |
| | | | കുല തിരുനാൾ. അതിരമ്പുഴ, മുത്തോലി, കുമ്പളം, പ്രക്കാട്ട്. | |
| 20 | 5 | തി | ശ്രു. ക. മറിയത്തിൻ വ്യാകുലതിരു. ന. ആ. കു. പെ. ഇ. വി. | വെ. |
| | | | ശ്രീമൂലം ആട്ടത്തിരുനാൾ | |
| 21 | 6 | ചൊ | (✠) ശ്രു. മത്തായി ശ്ലീഹാ, ന. കു. പെ. | ചു. |
| 22 | 7 | ബു | ശ്രു. വേദ. മൌരീസ്യോസും കൂട്ടരും. ന. ആ. കു. പെ. | ചു. |
| 23 | 8 | വ്യാ | ശ്രു. പാപ്പാ. വേദ. ലീനോസ്. ന. ആ. കു. പെ. | ചു. |
| 24 | 9 | വെ | ശ്രു. മനോഗുണമാതാവ്. ന. ആ. കു. പെ. | വെ. |
| | | | ശ്രു. പ്രംസീസ്കോസ് ശവരിയാർ തിരുനാളിന്നുമുമ്പുള്ള വെള്ളിയാഴ്ചഭക്തി | |
| | | | ഇന്നു മുതൽ നിറവേററേണ്ടതാണ്. | |
| 25 | 10 | ശ | ശ്രു. വേ. ജനുവാരിയോസുംകൂട്ട. ന. ആ. കു. പെ. (ഈമാ. ൧൯) | ചു. |
| 26 | 11 | ഞാ | ✠ പന്തക്കുസ്താ. ൧൫-ാം ഞായർ. ന. കു. ആ. [illegible] | പ. |
| 27 | 12 | തി | ശ്രു. വേദ. കുപ്രിയാനോസുംകൂട്ട. ന. ആ. കു. പെ. (ഇന്നലെ) | ചു. |
| 28 ⊕ | 13 | ചൊ | ശ്രു. വേദ. രാ. വെൻസ്ലാവോസ്. ന. ആ. കു. പെ. | ചു. |
| 29 | 14 | ബു | ശ്രു. മിഖായെൽ മാലാഖാ. പള്ളിക്കൂദാശ. ന. ആ. കു. പെ. | വെ. |
| | | | കർമ്മല സഭക്കാൎക്കും അമലോത്ഭവ സഭക്കാൎക്കും പൂൎണ്ണ ദ. വി. | |
| 30 | 15 | വ്യാ | ശ്രു. മല്പാ. മൌ ഹിറാനിമ്മോസ്. ന. ആ. കു. പെ. | വെ. |

Printed and Published for the Proprietor, by P. K. Joseph at St. Joseph's Press, Mannanam. 1920.

വ്യാജ നിർമ്മിതങ്ങൾ ഉള്ളതുകൊണ്ടു പ്രത്യേകം നോക്കി "ഏബ്രഹാം വൈദ്യന്റെ" എന്ന പേർ ഉള്ളതു് വാങ്ങണം.

# ഗർഭരക്ഷാഗുളിക.

## സ്ത്രീലോകത്താൽ ആദരിക്കപ്പെട്ട ഒരു സിദ്ധൌഷധം.

### ഇരുപതാം നൂററാണ്ടിലെ വലിയൊരു അനുഗ്രഹം.

ഗർഭിണികളുടെ നാനാവിധ അസ്വാസ്ഥ്യങ്ങൾക്കും ശീഘ്രവും സുഖകരവുമായ പ്രസവത്തിനും ശിശുവിന്റെ ആരോഗ്യരക്ഷക്കും ഒരനുഗ്രഹമെന്നു പാശ്ചാത്യ ഡാക്ടറന്മാരാലും പൌരസ്ത്യ വൈദ്യ ശിരോമണികളാലും മററു മഹാന്മാരാലും, അനുഭവത്താൽ സമ്മതിക്കപ്പെട്ട ഏബ്രഹാം വൈദ്യന്റെ ഈ ഗുളികകൾ ഉള്ളപ്പോൾ മഹിളകൾ എന്തിനു ദുഃഖിക്കുന്നു?

മററു പേരുകളിലുള്ള അനുകരണഗുളികകളാൽ വഞ്ചിക്കപ്പെടാതെ സർവ്വത്ര ആർത്തെയും കീർത്തിമത്തുമായ ഏബ്രഹാം വൈദ്യന്റെ ഗർഭരക്ഷാഗുളികകൾ വാങ്ങി പ്രസവത്തെ ലാഘവപ്പെടുത്തുന്ന പ്രശസ്തഗുണമനുഭവിപ്പിൻ!!

ഗുളികയുടെ സീമാതീതമായ ഫലത്തെപ്പററി അനുഭവത്താൽ പ്രശംസിച്ച സംസ്ഥാനത്തിലെ ഏററവും പ്രധാനപ്പെട്ട ചില ഭിഷക്കുകളുടേയും മഹാന്മാരുടേയും പേരുകൾ പുതിയതായി ഗുളിക വാങ്ങുന്നവരുടെ തൃപ്തിക്കായി താഴെ ചേർത്തുകൊള്ളുന്നു.

മിസ്സിസ് ലൂക്കോസ്, (ഡാക്ടർ മേരി പുന്നൻ ലൂക്കോസ് ബി. ഏ; എം. ബി. ബി. എസ്സ്. ലണ്ടൻ. എൻ. എം. റൊട്ടണ്ടാ, ലേഡി സർജ്ജൻ തിരുവിതാംകൂർ.) ഡാക്ടർ എസ്. വെങ്കിട്ടസ്വാമിനായിഡു, സർജ്ജൻ, ബ്രഹ്മശ്രീ വയസ്കര ആര്യൻ നാരായണൻ മൂസ്സ്; ഡാക്ടർ എസ്. രാമസ്വാമി അയ്യർ ബി. എ. എം. ബി. സി. എം,. ഡാക്ടർ കെ. സി. കുര്യൻ ബി. എ. എം. ബി. സി. എം., സി. അന്തപ്പായി അവർകൾ ബി എ,. കെ. സി. മാമ്മൻമാപ്പിള അവർകൾ ബി. ഏ. മനോരമപത്രാധിപർ. ഒരു മാസത്തേക്കു ഗുളിക ക. ൩ൽ. ൩ മാസത്തേക്കു ക. ൮.

"മിസ്ററർ ഏബ്രഹാം വൈദ്യന്റെ ഗർഭരക്ഷാഗുളികയുടെ അത്ഭുതകരമായ ഫലപ്രാപ്തിയിൽ അഭിനന്ദിച്ചുകൊണ്ടു ഡാക്ടറന്മാർ, ആര്യവൈദ്യന്മാർ, വൈദികന്മാർ, തമ്പുരാക്കന്മാർ, ലേഡി ഡാക്ടറന്മാർ ആദിയായി അനുഭവസ്ഥന്മാരായ അനവധി മാന്യന്മാരുടേയും മഹതികളുടേയും ഒട്ടേറെ ഇംഗ്ലീഷ് മലയാള വർത്തമാനപ്പത്രങ്ങളുടേയും പ്രശംസക്കു പാത്രീഭവിച്ചിരിക്കുന്നു."

"മലയാള മനോരമ."

വൈദ്യൻ ഇ. ഡബ്ളിയു. ഏബ്രഹാം മെഡിക്കൽഹാൾ,

കൊട്ടാരപ്പാലത്തിനുസമീപം, ആലപ്പുഴ.

---

# NOTICE.

Just arrived. Just unpacked.

We have just received from Europe a large consignment of Religious Oleography Pictures: Medals; Scapulars and Rosaries, Etc. Etc:

SWISS MADE OLEOGRAPHY PICTURES:— S. H. of Jesus on Cross; S. H. of Jesus, Infant Jesus, B. V. Mary, (in different varieties) Our Lady of Lourdes, Lady of Rosary, St. John, St. Joseph, St. Theresa, St. Anne, St. Paul, St. Antony, St. Peter, St Aloysius, St. Patrick, Guardian Angels, Etc. Etc. in the following sizes:-

10 x 8 ... ... ... Rs. 0-15-0 ... Per Dz.
14 x 10 ... ... ... Rs. 2-6-0 ... "
17 x 13 ... ... ... Rs. 2-12-0 ... "
20 x 16 ... ... ... Rs. 5-8-0 ... "
$5\frac{1}{2}$ x $3\frac{1}{2}$ Religious Cards, ... Rs. 0-12-0 ... "
$1\frac{1}{2}$ x $2\frac{1}{2}$ Prayer Book Pictures Rs. 1-12-0 Per Hundred.
Glazed Scripture Texts With Flower Designs 16 x 12 ... Rs. 2-12-0 ... Per Dz.

Regi: No. M. 365. Registered No. T. 5.

Fine French Made Rosaries.
Black Cocoa-Tine, 15" in length
... Rs. 2-8-0 ... Per Dozen.
Dp Woden ... 20" „ Rs. 2-10-0 ... „
Brown Cocoa beads Oveal shape 19"
... Rs. 4-8-0. ... „
Black Big Cocoa beads Ovel shape 28"
Very useful to Priests & Nuns.
... Rs. 0-12-0 ... Each.
Imitation Pearl White, Red, and Yellow
Rs. 2-6-0 ... Per Dozen.
Do Superior Silver White and Golden
Gray Rs. 2-12-0 ... „
Do Big Glass Pearls White, Red,
Blue, and Green; ... Rs. 4-8-0 ... „
Porclain White, Red, and Green: ...
Rs. 1-8-0 ... „

ALUMINIUM MEDALS.

Scapular Medals Square ... ...
Rs. 0-14-0 ... Per Dozen.
„ Round Rs 0-12, Rs. 0-8 & Rs 0-6-0 „
„ Ovel Rs 0-10 Rs 0-6 Rs 0-5 Rs 0-4 &
Rs 0-3-0 „
St. Benedicts, Oveal and Round Rs 0-6
Rs 0-5 Rs 0-4 & Rs 0-3-0 „
St. Joseph's, Immaculate, Guardian Angel
Miraculare, ... Rs 0-12 Rs 0-8 Rs 0-6
Rs 0-5 Rs 0-4 & Rs 0-3-0 „
Littl Flower of Jesus as Child, Round
Rs 0-12-0 Per Dozen
Crosses, Brass in Silver Gilt 2" in height
Rs 0-6-0 each.

SCAPULARS.

European Made Brown Mt. Carmel ...
Rs 0-15-0 ... Per Dozen.
Indian Made Immaculate Conception
Rs 0-12-0 ... „
Watch Pendents.
S. H. of Jesus, Little Flower of
Jesus, St. Josephs, St. Antony, St. Xavier.
Guardian Angel. ... Rs 0-4-0 Each.
All orders are executed by V. P.P. only.
Packing and Postage extra,
Prices are subject to Fluctuations.

Messrs, M. S. John & Co.
Big Bazaar Street,
Trichinopoly Fort. H. O.

---

LIST OF ARTICLES AND SOUVENIRS OF
SOER THERESA OF THE CHILD JESUS.

Large Chromo Pictures coloured
29 x 22 each Rs 2-0-0
Coloured pictures on Art Paper
in 10 sorts 10 x 6 0-6-0
Prayer book pictures gold bordered
& Coloured dz. 0-10-0
Small book pictures coloured dz. 0-5-0
Small leaflets of 4 pages with prayers etc. &
with different sorts of pictures dz. 0-3-0
Single leaflets do do „ 0-4-0
Coloured post cards in differrnt
sorts „ 1-0-0
New Artistic Phograpure post
cards „ 1-0-0
Albums 26 engravings illustrating the life
5 x 3½ well bound each 1-0-0
do The Carmel of Lisiex. 8 views of the
convent 7½ x 5 „ 0-12-0
do Les Buissonets' 8 views of the
house „ 0-12-0
Letter papers with Viginetts & thoughts
Packets of 60 sheets „ 1-4-0
Exercise books with different portraits and
texts from the Autobiograpy dozen. 2-0-0
Spare covers for exercise books in
12 sorts do 0-8-0
Blotting pads with two portraits
each 1-4-0
Small, essel frame gilt metal stand
at back do 0-12-0
Broaches of different varieties
silvered in enamel „ 1-0-0
Modallion Pendants with 2 portraits
gilt metal „ 0-3-0
Badge button with pin to fasten
each 0-2-0 dozen 1-4-0
Small aluminium medals round
dozen 0-5-0 and 0-6-0

N. B:— 10% of the profit realised goes towards the Beatification of the Servant of God Sr. Theresa.

New Coloured & Varnished pictures of German Make in 10 x 8 and 14 x 10 sizes have just arrived.

St. Antony, St. Roch, St. Sebastian, St. Francis Xavier, St. George, S. H. Jesus Mary, Holy Family, and other important Saints, 10 x 8 dz. 1-2-0, 14 x 10 dz. 1-14-0

If large quantity taken in one variety alone the rate will be 1-8-0 and 2-4-0 per dozen.

New Scapular medals. Oval dz.
annas 12, 7, & 5
Round dz. 1-2-0, 0-12-0, 0-8-0, 6, 5, 4
Other assorted medals round dz, 12, 6, 5.

T. Louis & Co.
Catholic warehouse,
Trichinopoly.